VOL NO: 10 I ISSUE 05

# നേർപഥം വാരിക

www.nerpatham.com I mail@nerpatham.com
2026 JANUARY 31 I ₹10



## മതവും മനുഷ്യനിർമിത പ്രസ്ഥാനങ്ങളും

മനുഷ്യന്റെ പ്രശ്നങ്ങൾക്ക് പരിഹാരമായി മനുഷ്യർ തന്നെ രൂപപ്പെടുത്തിയതാണ് പ്രത്യയശാസ്ത്രങ്ങളെല്ലാം. എന്നാൽ ജീവശാസ്ത്ര വ്യതിരിക്തതകളാലും ഭൂമിശാസ്ത്ര മാറ്റങ്ങളാലും സഹജമായ മാനുഷിക വ്യത്യാസങ്ങളാലും കാലഘട്ടത്തിന്റെ സമ്മർദങ്ങളാലുമെല്ലാം ഇവയ്ക്ക് പരിഷ്കാരങ്ങൾ ആവശ്യമായി വന്നു. എന്നിട്ടും പ്രായോഗിക തലങ്ങളിൽ പലപ്പോഴും ഇവയെല്ലാം പരാജയപ്പെടുകയാണുണ്ടായത്. ഇവിടെയാണ് സ്രഷ്ടാവിന്റെ ആശയസംഹിത വേറിട്ടുനിൽക്കുന്നത്.

**മതനിഷേധം വരുന്ന വഴികൾ**

**ഇസ്‌ലാമും ക്രൈസ്തവതയും**

**വൈദ്യശാസ്ത്രം: മുസ്‌ലിംകളുടെ സംഭാവനകൾ**

റൈഹാൻ ഷഹീദ് ● ഡോ. അബ്ദുല്ല ബാസിൽ ● യൂസുഫ് സാഹിബ് നദ്‌വി




**നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.**

**ഈ നന്മയിൽ താങ്കൾക്കും പങ്കാളിയാകാം.**

A/C Name : WISDOM ISLAMIC ORGANIZATION A/C W I C
A/C Number : 924020029882271
IFSC Code : UTIB0001908
BANK : AXIS BANK, Branch : KALLAI ROAD

For more Information:
Phone: 0495 4019437
Mob: +91 9567070031

471

# നേർപഥം വാരിക

2026 ജനുവരി 31
1447 ശഅ്ബാൻ 12
പുസ്തകം 10 / ലക്കം 05






Managing Editor:
**Nasir Balusseri**

Editor:
**Usman Palakkazhi**

Chief Editor:
**Anil Primrose**

Cover:
**Anil**

Design & Layout:
**Musthafa Mannarottil**

Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**

Printed at :
**Sprint Offset Printers, Kozhikode**

Published at :
**Kozhikode - 673 002**





റൈഹാൻ ഷഹീദ്

മനുഷ്യന്റെ പ്രശ്നങ്ങൾക്ക് പരിഹാരമായി മനുഷ്യർ തന്നെ രൂപപ്പെടുത്തിയതാണ് പ്രത്യയശാസ്ത്രങ്ങളെല്ലാം. എന്നാൽ ജീവശാസ്ത്ര വ്യതിരിക്തതകളാലും ഭൂമിശാസ്ത്ര മാറ്റങ്ങളാലും സഹജമായ മാനുഷിക വ്യത്യാസങ്ങളാലും കാലഘട്ടത്തിന്റെ സമ്മർദങ്ങളാലുമെല്ലാം ഇവയ്ക്ക് പരിഷ്കാരങ്ങൾ ആവശ്യമായി വന്നു. എന്നിട്ടും പ്രായോഗിക തലങ്ങളിൽ പലപ്പോഴും ഇവയെല്ലാം പരാജയപ്പെടുകയാണുണ്ടായത്. ഇവിടെയാണ് സ്രഷ്ടാവിന്റെ ആശയസംഹിത വേറിട്ടുനിൽക്കുന്നത്.


**05** മുഖമൊഴി
ജനപ്രതിനിധി രാജാവല്ല

**06** ലേഖനം
വൈദ്യശാസ്ത്രം: മുസ്‌ലിംകളുടെ സംഭാവനകൾ
ഡോ. ടി. കെ. യൂസുഫ്

**18** ചിന്താപഥം
മതനിഷേധം വരുന്ന വഴികൾ
ഡോ. അബ്ദുല്ല ബാസിൽ

**22** ലേഖനം
അന്ത്യദിനത്തിന്റെ ഭയാനകത
ഇഅ്ജാസ് ബിൻ ഇസ്മാഈൽ, മസ്കത്ത്

**24** ക്വുർആൻ ദർശനം -തഫ്സീറുസ്സഅ്ദി
സൂറതുന്നംല്
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

**26** വിവർത്തനം
ഇസ്‌ലാമും ക്രൈസ്തവതയും
പരിഭാഷ: ഇ.യൂസുഫ് സാഹിബ് നദ്‌വി, ഓച്ചിറ

**30** ലേഖനം
സ്രഷ്ടാവിനെ സ്നേഹിക്കുക
നസീമ വാടാനപ്പള്ളി

**34** കാഴ്ച
ജീവന്റെ വിലയുള്ള വെള്ളം
ഇബ്നു അലി, എടത്തനാട്ടുകര



NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | Mob: +91 92079 65244 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly

സർഗ വസന്തം

# ഓവറോൾ കിരീടം കാസർഗോഡിന്

## വർണാഭമായി സർഗവസന്തം സംസ്ഥാന കലാമത്സരങ്ങൾ

മുക്കം: കുട്ടികൾ നാളെയുടെ വാഗ്ദാനങ്ങളാണ്. നന്മയുടെ വിളനിലങ്ങൾ അവർക്കുവേണ്ടി ഒരുക്കിക്കൊടുക്കുക എന്നത് മുതിർന്നവരുടെ കടമയാണ്. വ്യത്യസ്തമായ കഴിവുകളുള്ള കുട്ടികളുടെ കഴിവുകൾ കണ്ടെത്തുവാനും പ്രോത്സാഹിപ്പിക്കുവാനും ആ കഴിവുകൾ നന്മയുടെ മാർഗത്തിൽ വിനിയോഗിക്കുവാനും അവരെ പ്രാപ്തരാക്കേണ്ടതുണ്ട്. വിസ്ഡം വിദ്യാഭ്യാസ ബോർഡ് എല്ലാ വർഷവും സർഗവസന്തം എന്ന പേരിൽ മദ്റസ വിദ്യാർഥികൾക്കായി വിവിധങ്ങളായ മത്സരം നടത്തുന്നത് ഈ ലക്ഷ്യം നിറവേറ്റുവാനാണ്.

മുക്കം ഗ്രീൻവാലി ക്യാമ്പസിൽ വച്ചു നടന്ന ഈ വർഷത്തെ സർഗവസന്തം പ്രൗഢമായ പരിപാടികളോടെ സമാപിച്ചു. 'ഭൂമി വിളിക്ക്ണ്ണ്ട്, അരികെ മനുഷ്യരുണ്ട്' എന്ന പ്രമേയത്തിൽ ഊന്നി നടന്ന മത്സരങ്ങളിൽ, സ്‌ക്രീനിന്റെ ലോകത്തുനിന്നും പുതുതലമുറയെ പ്രകൃതിയിലേക്കും സർഗാത്മകതയിലേക്കും തിരികെ വിളിക്കുക എന്ന ലക്ഷ്യമാണ് മുന്നോട്ടുവെച്ചത്.

മദ്റസ, കോംപ്ലക്സ്, ജില്ല എന്നീ മൂന്ന് തലങ്ങളിൽ നിന്ന് എ ഗ്രേഡോടെ ഒന്നാം സ്ഥാനം നേടിയ 1680 കലാപ്രതിഭകളാണ് 23 വേദികളിലായി നടന്ന 88 മത്സരയിനങ്ങളിൽ മാറ്റുരച്ചത്. ഈ വർഷത്തെ കലോത്സവത്തിൽ കാസർഗോഡ് ജില്ല ഓവറോൾ കിരീടം കരസ്ഥമാക്കിയപ്പോൾ കണ്ണൂർ രണ്ടാം സ്ഥാനവും മലപ്പുറം ഈസ്റ്റ് മൂന്നാം സ്ഥാനവും നേടി.

4-5 വയസ്സ് പ്രായമുള്ള കുരുന്നുകൾക്കായി വിദ്യഭ്യാസ ബോർഡ് ആരംഭിച്ച 'ബഹ്ജ കലോത്സവം' ഏറെ ശ്രദ്ധേയമായി. കേരളത്തിന് പുറമെയുള്ള മദ്റസകളിലെ വിദ്യാർഥികളുടെ പങ്കാളിത്തവും അധ്യാപകർക്കായി നടന്ന പ്രത്യേക മത്സരങ്ങളും സർഗവസന്തത്തിന് പുതുമയേകി. പരിപാടിയുടെ ലൈവ് ബ്രോഡ്കാസ്റ്റിംഗും വിജയികളുടെ അഭിമുഖങ്ങളുമായി 'ബ്രീസ്' സ്റ്റുഡിയോയും സജീവമായിരുന്നു.

രണ്ടു ദിവങ്ങളിലായി നടന്ന മത്സരങ്ങളുടെ ഉദ്ഘാടനം വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന സെക്രട്ടറി നാസിർ ബാലുശ്ശേരി നിർവഹിച്ചു. എംഎഎംഒ കോളേജ് പ്രിൻസിപ്പൽ ഡോ. ഇ.കെ. സാജിദ് മുഖ്യാതിഥിയായി. കോഴിക്കോട് ജില്ലാ പഞ്ചായത്ത് മെമ്പർ മിസ്അബ് കീഴരിയൂർ, ഹമീദ് മാസ്റ്റർ പറപ്പൂർ, ഉസ്മാൻ പാലക്കാഴി, മുഹമ്മദ് ബിൻ അലവി എന്നിവർ ആശംസകൾ നേർന്നു. രണ്ടാം ദിന മത്സരങ്ങളുടെ ഉദ്ഘാടനം നജീബ് കാന്തപുരം എംഎൽഎ നിർവഹിച്ചു. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ ജനറൽ സെക്രട്ടറി ടി.കെ. അഷ്റഫ് ആശയ പ്രഭാഷണം നടത്തി.

സമാപന സമ്മേളനത്തിൽ പ്രോഗ്രാം കൺവീനർ ഡോ. ഷിയാസ് സ്വലാഹി സ്വാഗതം പറഞ്ഞു. വിദ്യാഭ്യാസ ബോർഡ് കരിക്കുലം കൺവീനർ ഇർഫാൻ സ്വലാഹിയുടെ അധ്യക്ഷതയിൽ വിസ്ഡം സംസ്ഥാന ട്രഷറർ കെ. സജ്ജാദ് ഉദ്ഘാടനം നിർവഹിച്ചു. ജനറൽ കൺവീനർ പി.കെ. അംജദ് ഓവറോൾ വിജയികളെ പ്രഖ്യാപിച്ചു.

വിസ്ഡം യൂത്ത് സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. വി.പി. മുഹമ്മദ് ബഷീർ സമ്മാനദാനവും വിസ്ഡം യൂത്ത് സംസ്ഥാന സെക്രട്ടറി അബ്ദുറഹ്മാൻ സന്ദേശ കൈമാറ്റവും നിർവഹിച്ചു. റഷീദ് മാസ്റ്റർ കാരപ്പുറം, ഹുസൈൻ കാവനൂർ, അൻവർ എടത്തനാട്ടുകര, ഷൗക്കത്തലി അൻസ്വാരി എന്നിവർ ചടങ്ങിൽ സംസാരിച്ചു. ■

# ജനപ്രതിനിധികൾ കടമകൾ നിറവേറ്റണം

ചില ദിനങ്ങൾ ചിലർക്ക്
മധുരപലഹാരത്തിന്റെയും
പായസത്തിന്റെയും
വർണങ്ങളുടെയും
ആഘോഷത്തിന്റെയുമാണ്
മറ്റുചിലർക്കത്
വിശപ്പിനെതിരെയുള്ള
പോരാട്ടത്തിന്റെയും

രാജ്യത്തെ പട്ടിണികിടക്കുന്ന കോടിക്കണക്കിനു ദരിദ്രരുടെ പട്ടിണി മാറ്റുക, പാർപ്പിടമൊരുക്കുക, ചികിത്സ ലഭ്യമാക്കുക, അടിസ്ഥാന വിദ്യാഭ്യാസമെങ്കിലും നൽകുക; ഇതാണ് ഒരു ഭരണകൂടത്തിന്റെ പ്രധാനപ്പെട്ട ഉത്തരവാദിത്തം. ഭക്ഷണം, വസ്ത്രം, പാർപ്പിടം, ചികിത്സ, പഠനം, തൊഴിൽ, നിർഭയജീവിതം... തുടങ്ങിയ അടിസ്ഥാന കാര്യങ്ങളിൽ ശ്രദ്ധ ചെലുത്താത്ത ഭരണാധികാരികൾ അവരെ ഭരണത്തിലേറ്റിയ പൗരന്മാരെ വഞ്ചിക്കുകയാണ് യഥാർഥത്തിൽ ചെയ്യുന്നത്.

ഒരു ജനാധിപത്യ രാജ്യത്തിൽ ഭരണാധികാരികളല്ല ഭരണീയരാണ് വിഐപികൾ. കാരണം അവരുടെ വോട്ടുകൊണ്ടാണ് ഭരണാധികാരികൾ ആ സ്ഥാനത്തെത്തിയത്. അവർ ജനപ്രതിനിധികൾ മാത്രമാണ്. അഥവാ ജനങ്ങൾ അവരെ അവരുടെ പ്രതിനിധികളായി തെരഞ്ഞെടുത്തിരിക്കുന്നു. എം.എൽ.എ, എംപി, മന്ത്രി തുടങ്ങി പഞ്ചായത്ത് മെമ്പർ വരെയുള്ള സ്ഥാനങ്ങൾ യഥാർഥത്തിൽ ഉയർന്ന വരുമാനവും മറ്റനേകം നേട്ടങ്ങളും ഉദാരമായി അനുഭവിക്കുന്ന ജോലി തന്നെയാണ്. അവർക്ക് ആ ജോലി നൽകിയത് ആരാണ്? വോട്ടർമാർതന്നെ! തങ്ങളുടെ ഉത്തരവാദിത്തം ഭംഗിയായും കാര്യക്ഷമമായും ചെയ്യുമ്പോഴാണ് ഒരു ജനപ്രതിനിധി യഥാർഥ ജനപ്രതിനിധിയാകുന്നത്. അതാണ് വോട്ടു ചെയ്ത് ജയിപ്പിക്കുന്ന ജനങ്ങൾ ആഗ്രഹിക്കുന്നത്.

കൃത്യമായി ശമ്പളവും ഉയർന്ന ആനുകൂല്യങ്ങളും കൈപ്പറ്റുന്നവർ, സർക്കാർ ചെലവിൽ (പൊതുജനങ്ങളുടെ നികുതിപ്പണം കൊണ്ട്) വിദേശയാത്രകളും ചികിത്സയും നടത്തുന്നവർ യഥാർഥത്തിൽ ‘സേവകർ’ എന്ന വിശേഷണം അർഹിക്കുന്നുണ്ടോ? ജനങ്ങൾക്ക് തങ്ങളുടെ പ്രയാസങ്ങളും ആവശ്യങ്ങളും അവതരിപ്പിക്കാൻ ജനപ്രതിനിധികളെ കടമ്പകളില്ലാതെ കാണാനുള്ള സാഹചര്യമുണ്ടാകണം. അവർജനങ്ങളുടെ ന്യായമായ ആവശ്യങ്ങളും അവകാശങ്ങളും നേടിക്കൊടുക്കുകതന്നെ വേണം. അതിനായി പരിശ്രമിക്കണം. അവർ ജനങ്ങൾക്ക് അപ്രാപ്യരായിക്കൂടാ. ചില്ലുമേടയിലിരുന്ന് ജനങ്ങളുടെ പ്രയാസം കണ്ട് വീണവായിക്കുകയല്ല; പുൽക്കുടിലുകളിലേക്ക് ഇറങ്ങിച്ചെന്ന് അവരെ നെഞ്ചോടുചേർക്കുകയാണ് ആത്മാർഥതയുള്ള ഭരണാധികാരികൾ ചെയ്യേണ്ടത്.



# വൈദ്യശാസ്ത്രം: മുസ്‌ലിംകളുടെ സംഭാവനകൾ

ഡോ. ടി. കെ. യൂസുഫ്
: 9349798262

ലോക നാഗരികതക്ക് ഒട്ടേറെ സംഭാവനകൾ നൽകിയ ഒരു മതമാണ് ഇസ്‌ലാം. മാനവരാശിയുടെ ആരോഗ്യസംരക്ഷരണ രംഗത്ത് മുസ്‌ലിംകൾ നടത്തിയ കാൽവയ്പ്പുകൾ ജാതിമത ഭേദമന്യ ഏവർക്കും പ്രയോജനപ്രദവും അമുസ്‌ലിം ശാസ്ത്രജ്ഞർ പോലും അംഗീകരിക്കുകയും ചെയ്തതാണ്. പേർഷ്യൻ, ഗ്രീക്ക്, ചൈനീസ്, ഭാരതീയ ഗ്രന്ഥങ്ങൾ വിവർത്തനം ചെയ്ത് മാലോകർക്ക് എത്തിച്ചതിലുപരി സ്വന്തമായ ചില അടയാളപ്പെടുത്തലുകളും അവർ നടത്തിയിട്ടുണ്ട്.

ആരോഗ്യം, ജീവശാസ്ത്രം, സസ്യശാസ്ത്രം, ഔഷധനിർമാണം തുടങ്ങി ഒട്ടെറെ രംഗങ്ങളിൽ സേവനങ്ങളർപ്പിച്ചുകൊണ്ട് മാനവികതക്ക് കാവലായി മുസ്‌ലിംകൾ നിലനിന്നിട്ടുണ്ട്. വൈദ്യശാസ്ത്ര രംഗത്ത് മുസ്‌ലിംകളല്ലാത്തവർ കാര്യമായൊന്നും ചെയ്തിട്ടില്ല എന്ന് ഒരു ഗവേഷകന് തോന്നും വിധമുള്ള പ്രവർത്തനങ്ങളാണ് മുസ്‌ലിംകൾ നിർവഹിച്ചിട്ടുള്ളത്. വൈദ്യശാസ്ത്രത്തിന്റെ ഗതി തിരിച്ചുവിടുകയും ഒരു ശാസ്ത്രശാഖയായി അതിനെ പരിവർത്തിപ്പിക്കുകയും ചെയ്ത ഒട്ടേറെ അതുല്യ പ്രതിഭകളെ വാർത്തെടുക്കാൻ ഇസ്‌ലാമിന് കഴിഞ്ഞു എന്നത് ഒരു അനിഷേധ്യ വസ്തുതയാണ്.

**മുഹമ്മദ് നബി(സ്വ) നിയോഗിതനാകും മുമ്പ് വൈദ്യം കാര്യമായി കൈകാര്യം ചെയ്തിരുന്നത് ജ്യോത്സ്യന്മാരായിരുന്നു. ചില നക്ഷത്രങ്ങളും രാശികളും മനുഷ്യരുടെ അസുഖങ്ങളിൽ സ്വാധീനം ചെലുത്തുന്നുണ്ടെന്നായിരുന്നു അവരുടെ വിശ്വാസം. എന്നാൽ ഇത്തരം അന്ധവിശ്വാസങ്ങൾ ഇസ്‌ലാമിൽ നിഷിദ്ധമാണ്. ഇവയിൽനിന്ന് മുക്തമായ, തികച്ചും ഔഷധങ്ങളിൽ അധിഷ്ഠിതമായ ഒരു ചികിത്സാരീതിയാണ് ഇസ്‌ലാം പഠിപ്പിച്ചത്.**

വൈദ്യം മാനവരാശിയോളം പഴക്കമുള്ള ഒരു വിജ്ഞാനശാഖയാണ്. വേദന നിവാരണത്തിനുള്ള ഒരു മാർഗമായിട്ടാണ് ചികിത്സ ആരംഭിച്ചത്. വേദനകൾക്ക് ശമനം നൽകുന്ന ചില പൊടിക്കൈകളും വേദന മാറി എന്ന് തോന്നിക്കുന്ന ചില ചെപ്പടി വിദ്യകളുമാണ് അന്ന് പ്രചാരത്തിലുണ്ടായിരുന്നത്. വൈദ്യം പയറ്റിയ ഏറ്റവും പുരാതനമായ ജനവിഭാഗം ഈജിപ്തുകാരായിരുന്നു. രോഗങ്ങൾ കൃത്യമായി നിർണയിക്കാൻ അവർക്ക് നല്ല വൈദഗ്ധ്യമുണ്ടായിരുന്നു. അവരുടെ ക്ഷേത്രങ്ങളിലും മമ്മികളിലും അവരുടെ ചികിത്സയുടെ ചില അടയാളങ്ങൾ കാണാൻ കഴിയും. ദുർഭൂതങ്ങളാണ് രോഗകാരണം എന്നാണ് അവർ വിശ്വസിച്ചിരുന്നത്. 'ദുരാത്മാക്കളെ' മന്ത്രംകൊണ്ട് അകറ്റുക എന്ന നിലയിലാണ് അവർ ചികിത്സ നടത്തിയിരുന്നത്. ഔഷധകങ്ങൾ ഈ ദൗത്യത്തിന് തങ്ങളെ സഹായിക്കുകയാണ് ചെയ്യുന്നത് എന്നായിരുന്നു അവരുടെ നിഗമനം.

ഈജിപ്തുകാരുടെ വൈദ്യശാസ്ത്ര വൈദഗ്ധ്യത്തെക്കുറിച്ച് ഹോമർ തന്റെ 'ഒഡീസി'യിൽ സൂചിപ്പിക്കുന്നത് ഇപ്രകാരമാണ്: "പേർഷ്യക്കാരും ഗ്രീക്കുകാരും ഈജിപ്തിൽനിന്നാണ് ചികിത്സാരീതി കടമെടുത്തിരിക്കുന്നത്. മരുന്ന്, മന്ത്രം ഇവയിൽ ഒന്നുകൊണ്ടോ അല്ലെങ്കിൽ ഇവ രണ്ടും കൂടി ഒരുമിച്ച് കൂട്ടിക്കൊണ്ടോ ആയിരുന്നു അവർ ചികിത്സിച്ചിരുന്നത്.

ഈജിപ്തുകാർക്ക് ശേഷം ബാബിലോണിയക്കാർക്കാണ് വൈദ്യത്തിൽ മുൻഗണനയുണ്ടായിരുന്നത്. അന്ധവിശ്വാസം കലർന്ന വൈദ്യം നടപ്പിലാക്കിയിരുന്ന അവർ വിശ്വസിച്ചിരുന്നത് രോഗിയുടെ പാപങ്ങളാണ് രോഗബാധക്ക് കാരണമായിത്തീരുന്നത് എന്നാണ്. അതുകൊണ്ട് തന്നെ ചികിത്സാ രംഗത്തെ പിഴവുകൾക്ക് വൈദ്യന്മാരെ അവർ വിചാരണ ചെയ്തിരുന്നില്ല. അമിത ഫീസ് ഈടാക്കുന്നതിനും രോഗികളെ പരിഗണിക്കാതിരിക്കുന്നതിനും അവിടെ ശിക്ഷ വിധിച്ചിരുന്നു. കൗൺസലിംഗ്, ഔഷധ ചികിത്സ, മന്ത്രവാദം എന്നീ മൂന്ന് രൂപത്തിലും അവർ രോഗികളെ ചികിത്സിച്ചിരുന്നു. രോഗികളെ പൊതുനിരത്തുകളിൽ ഇരുത്തുകയും സമാനമായ രോഗം ബാധിച്ച് ശമനം നേടിയവരുടെ നിർദേശങ്ങൾ ആരായുകയും ചെയ്തിരുന്നു. മന്ത്രത്തിനും ജ്യോത്സ്യത്തിനുമായിരുന്നു അവർ മുൻഗണന നൽകിയിരുന്നത്.

ബിസി മൂവായിരം മുതൽ തന്നെ ചികിത്സ തുടങ്ങിയ ചൈനക്കാരാണ് വൈദ്യശാസ്ത്ര രംഗത്ത് അറിയപ്പെട്ട മറ്റൊരു വിഭാഗം. ഔഷധച്ചെടികളെക്കുറിച്ച് കാര്യമായ പഠനം തന്നെ അവർ നടത്തിയിട്ടുണ്ട്. ചൂട് വെച്ചുകൊണ്ടും സൂചി കുത്തിക്കൊണ്ടുമുള്ള ചികിത്സാരീതികൾക്ക് ചൈനയിൽ പുരാതന കാലം തൊട്ടുതന്നെ പ്രചുര പ്രചാരം ലഭിച്ചിട്ടുണ്ട്. അക്യൂപങ്ചർ ചികിത്സയുടെ അടിവേരുകൾ ചൈനയിൽ നിന്നാണ് തുടങ്ങുന്നത്.

ഭാരതീയ ചികിത്സയും അന്ധവിശ്വാസത്തിൽ അധിഷ്ഠിതമായിരുന്നുവെങ്കിലും ശസ്ത്രക്രിയ ഒരു ചികിത്സവിധിയായി അവർ ഗണിച്ചിരുന്നു. രോഗങ്ങൾ മനുഷ്യന്റെ കൂടെപ്പിറപ്പാണെങ്കിലും ആത്മീയമോ ശാരീരികമോ ആയ ദോഷങ്ങളാണ് അവ പ്രകടമാകാനുള്ള കാരണമായി അവർ ഗണിച്ചിരുന്നത്. ആധുനിക ചികിത്സാവിധികളായ കുത്തിവയ്പ്, ശസ്ത്രക്രിയ തുടങ്ങിയവ ഇന്ന് കാണുന്ന രൂപത്തിലല്ലെങ്കിലും ഭാരതീയ ചികി

ത്സകളിൽ നടപ്പിലുണ്ടായിരുന്നു. ശരീരത്തിലെ വാത, പിത്ത, കഫ അസന്തുലിതാവസ്ഥ യാണ് രോഗകാരണമായി ആയുർവേദം കാണുന്നത്. പച്ചമരുന്നുകളോടൊപ്പം ചികിത്സകർ ചില മാന്ത്രവാദ പൊടിക്കൈകളും പ്രയോഗിച്ചിരുന്നു. ആയിരത്തിലധികം ഔഷധച്ചെടികളെക്കുറിച്ചുള്ള പരാമർശം ആയുർവേദ ഗ്രന്ഥങ്ങളിൽ കാണാം.

ഭാരതീയ ചികിത്സയിലെ പ്രസിദ്ധമായ രണ്ട് ഗ്രന്ഥങ്ങൾ ബിസി അഞ്ചാം നൂറ്റാണ്ടിൽ എഴുതപ്പെട്ട ‘ശുശ്രുത’യും എഡി രണ്ടാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട ‘ചരക’യുമാണ്. ഒട്ടേറെ രോഗലക്ഷണങ്ങളും ചികിത്സാവിധികളും വിവരിക്കുന്ന ഇത്തരം ആയുർവേദ സർവവിജ്ഞാനകോശങ്ങളിൽ വൈദ്യശാസ്ത്രത്തിന്റെ അപ്പോസ്തലനായ ഹിപ്പോക്രറ്റിൻെറ തത്ത്വങ്ങൾ അടങ്ങിയിട്ടുണ്ട്. ‘നിങ്ങൾ സ്വാർഥ താൽപര്യങ്ങൾക്കും ഭൗതിക നേട്ടങ്ങൾക്കും വേണ്ടി ചികിത്സിക്കരുത്. മാനവരാശിയുടെ വേദന ലഘൂകരിക്കാൻ വേണ്ടിയാണ് നിങ്ങൾ ചികിത്സിക്കേണ്ടത്’ എന്ന തത്ത്വം അദ്ദേഹത്തിന്റെതാണ്. പുരാതന നാഗരികതയിലെ വൈദ്യശാസ്ത്രങ്ങളിൽ ഭാരതീയ ചികിത്സാവിധികളാണ് കൂടുതൽ ശാസ്ത്രീയവും താതതമ്യേന അന്ധവിശ്വസമുക്തവുമായിരുന്നത്. അതുകൊണ്ട് തന്നെ അറബികളും മുസ്‌ലിംകളും ആയുർവേദ ഗ്രന്ഥങ്ങൾ അബൂജഅ്ഫർ മൻസൂറിന്റെ കാലഘട്ടത്തിൽ തന്നെ വിവർത്തനം ചെയ്തിട്ടുണ്ട്.

വൈദ്യശാസ്ത്രത്തിൽ അറിയപ്പെട്ട മറ്റൊരു വിഭാഗം ഗ്രീക്കുകാരായിരുന്നു. അവർ ഈ

**ഇസ്‌ലാം മനുഷ്യന്റെ ശാരീരികവും മാനസികവുമായ സൗഭാഗ്യം ലക്ഷ്യം വെക്കുന്നതുകൊണ്ട് ശാരീരികവും മാനസികവുമായ രോഗങ്ങൾക്കുള്ള ചികിത്സകൾ അത് നിർദേശിക്കുന്നുണ്ട്. പ്രവാചക നിയോഗത്തിന്റെ ആത്യന്തികലക്ഷ്യം ജനങ്ങൾക്ക് വൈദ്യം പഠിപ്പിക്കലല്ലെങ്കിലും പ്രവാചക വചനങ്ങളിൽ ധാരാളം വൈദ്യനിർദേശങ്ങൾ അടങ്ങിയതായി കാണാം. അതോടൊപ്പം ഭൗതിക കാര്യങ്ങളിൽ ഗവേഷണം നടത്താനുള്ള ആഹ്വാനങ്ങളും തിരുവചനങ്ങളിൽ ദർശിക്കാൻ കഴിയും.**




രംഗത്ത് കാര്യമായി അവലംബിച്ചത് ഈജിപ്തുകാരെയും ബാബിലോണിയക്കാരെയുമാണ്. പക്ഷേ, ബുദ്ധിശക്തിയിൽ പ്രഗത്ഭരായിരുന്ന അവർ മറ്റുള്ളവരിൽനിന്നും എടുത്തതിൽ മാത്രം ഒതുങ്ങാതെ സ്വന്തമായി ധാരാളം അറിവുകളും അനുഭവങ്ങളും അതിലേക്ക് ചേർക്കുകയും വൈദ്യത്തെ ഒരു സമഗ്ര വിജ്ഞാനമാക്കി മാറ്റുകയും ചെയ്തു. വൈദ്യത്തിന്റെ കുലപതികളായി അറിയപ്പെട്ട ഗ്രീക്കുകാർ തന്നെയാണ് ബിസി നാലാം നൂറ്റാണ്ടിൽ ഹിപ്പോക്രാറ്റിന് ജന്മം നൽകിയത്. ചികിത്സാ രംഗത്ത് നിരന്തരം പഠന ഗവേഷണം നടത്തിയതുകൊണ്ടാണ് ഗ്രീക്കുകാർക്ക് ഈ രംഗത്ത് ലോകോത്തര മാതൃകയാകാൻ കഴിഞ്ഞത്. അക്കാലത്തെ പുരോഗമനവാദികളായിരുന്നുവെങ്കിലും അവർക്കിടയിൽ നിലനിന്നിരുന്ന അന്ധവിശ്വാസങ്ങൾ ചികിത്സയിൽ കടന്നുകൂടിയിരുന്നു. എന്നാൽ അറബികൾ ഗ്രീക്ക് വൈദ്യഗ്രന്ഥങ്ങൾ തർജമ ചെയ്ത് ലോകജനതക്ക് സമർപ്പിച്ചപ്പോൾ അന്ധവിശ്വാസമുക്തമായ വൈദ്യവിവരങ്ങളാണ് ലോകത്തിന് ലഭിച്ചത്.

റോമക്കാർ ഗ്രീക്കുകാരിൽനിന്ന് ഭരണ തത്ത്വങ്ങൾ പഠിച്ചെങ്കിലും വൈദ്യശാസ്ത്ര വിവരങ്ങളൊന്നും അഭ്യസിക്കുകയുണ്ടായില്ല. അതുകൊണ്ട് തന്നെ റോമക്കാരിൽ തദ്ദേശീയരായി ഭിഷഗ്വരന്മാർ ഉണ്ടായിരുന്നില്ല. സ്നാന ചികിത്സ, സംഗീത ചികിത്സ, വ്യായാമ ചികിത്സ എന്നിവയാണ് റോമൻ ചികിത്സകളായി അറിയ

പ്പെട്ടിരുന്നത്. ഹിപ്പോക്രറ്റ് കഴിഞ്ഞാൽ വൈദ്യശാസ്രത്തിന് ഏറെ സംഭവാനകൾ നൽകുകയും അറബിയിലേക്ക് വിവർത്തനം ചെയ്യപ്പെടുകയും ചെയ്തത് റോമൻ കാലഘട്ടിത്തിൽ ക്രി.130 -200ൽ ജീവിച്ച ഗാലന്റെ കൃതികളായിരുന്നു. അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ വളരെ കൂടുതൽ വിവർത്തനം ചെയ്യപ്പെടുകയും ഉപയോഗപ്പെടുത്തുകയും ചെയ്തു.

ജാഹിലിയ്യ കാലത്തും അറബികളിൽ ചില ചികിത്സാവിധികളുണ്ടായിരന്നു. ശരീരത്തിൽ രോഗ ബാധയുള്ള ഭാഗത്ത് ചൂടുവെച്ച് കരിച്ചുകളയുക, രോഗാതുരമായ ഭാഗങ്ങൾ മുറിച്ചുകളയുക, തേൻ പാനീയം കുടിക്കുക, ചില ഔഷധച്ചെടികളുടെ സത്തുകൾ സേവിക്കുക, ഏലസ്, ഉറുക്ക്, മന്ത്രത്തകിട് തുടങ്ങിയവ ശരീരത്തിൽ ബന്ധിക്കുക എന്നിവയായിരുന്നു അവരുടെ ചികിത്സാരീതികൾ. ആമാശയമാണ് രോഗത്തിന്റെ ഗേഹം, ഉപവാസമാണ് ചികിത്സയുടെ മർമം എന്നിങ്ങനെയുള്ള ധാരാളം ആപ്തവാക്യങ്ങൾ അറബിയിൽ കാണാൻ കഴിയും.

മുഹമ്മദ് നബി(സ്വ) നിയോഗിതനാകും മുമ്പ് വൈദ്യം കാര്യമായി കൈകാര്യം ചെയ്തിരുന്നത് ജ്യോത്സ്യന്മാരായിരുന്നു. ചില നക്ഷത്രങ്ങളും രാശികളും മനുഷ്യരുടെ അസുഖങ്ങളിൽ സ്വാധീനം ചെലുത്തുന്നുണ്ടെന്നായിരുന്നു അവരുടെ വിശ്വാസം. എന്നാൽ ഇത്തരം അന്ധവിശ്വാസങ്ങൾ ഇസ്‌ലാമിൽ നിഷിദ്ധമാണ്. ഇവയിൽനിന്ന് മുക്തമായ, തികച്ചും ഔഷധങ്ങളിൽ അധിഷ്ഠിതമായ ഒരു ചികിത്സാരീതിയാണ് ഇസ്‌ലാം പഠിപ്പിച്ചത്. ഇസ്‌ലാം മനുഷ്യന്റെ ശാരീരികവും മാനസികവുമായ സൗഭാഗ്യം ലക്ഷ്യം വെക്കുന്നതുകൊണ്ട് ശാരീരികവും മാനസികവുമായ രോഗങ്ങൾക്കുള്ള ചികിത്സകൾ അത് നിർദേശിക്കുന്നുണ്ട്. പ്രവാചക നിയോഗത്തിന്റെ ആത്യന്തിക ലക്ഷ്യം ജനങ്ങൾക്ക് വൈദ്യം പഠിപ്പിക്കലല്ലെങ്കിലും പ്രവാചക വചനങ്ങളിൽ ധാരാളം വൈദ്യനിർദേശങ്ങൾ അടങ്ങിയതായി കാണാം. അതോടൊപ്പം ഭൗതിക കാര്യങ്ങളിൽ ഗവേഷണം നടത്താനുള്ള ആഹ്വാനങ്ങളും തിരുവചനങ്ങളിൽ ദർശിക്കാൻ കഴിയും. ജാബിറി(റ)ൽനിന്ന് നിവേദനം; നബി(സ്വ) പറഞ്ഞു: “എല്ലാ രോഗത്തിനും ഔഷധമുണ്ട്, ഔഷധവും രോഗവും കൂടി യോജിച്ചാൽ അല്ലാഹുവിന്റെ അനുമതിയോടുകൂടി ശമനം ലഭിക്കും”(മുസ്‌ലിം).

ഇതേ ആശയം മറ്റൊരു ഹദീസിൽ ഇപ്രകാരം സൂചിപ്പിക്കുന്നു; നബി(സ്വ) പറഞ്ഞു: “നിങ്ങൾ ചികിത്സിക്കുക. തീർച്ചയായും അല്ലാഹു ഒരു രോഗവും ഉണ്ടാക്കിയിട്ടില്ല; അതിന് ഔഷധം ഉണ്ടാക്കിയിട്ടല്ലാതെ. വാർധക്യം എന്ന രോഗം ഒഴികെ” (അബൂദാവൂദ്).

പഠന ഗവേഷണങ്ങളിലൂടെ രോഗങ്ങൾക്ക് ഔഷധം കണ്ടെത്തേണ്ടത് നമ്മുടെ ബാധ്യതയാണെന്ന് സൂചിപ്പിക്കുന്ന തിരുവചനങ്ങളും കാണാം. ഇബ്നു മസ്ഊദി(റ)ൽ നിന്നും നിവേദനം; നബി(സ്വ) പറഞ്ഞു: “അല്ലാഹു ഒരു രോഗവും ഇറക്കിയിട്ടില്ല; അതിനുള്ള ഔഷധം ഇറക്കിയിട്ടല്ലാതെ. അറിയുന്നവൻ അത് അറിയുന്നു, അറിയാത്തവൻ അത് അറിയുന്നുമില്ല” (ഇബ്നു ഹിബ്ബാൻ).

രോഗം വന്നാൽ ചികിത്സിക്കാൻ കൽപിക്കുകയും വൈദ്യപഠനത്തിന് പ്രോത്സാഹനം നടത്തുകയും ചെയ്ത പ്രവാചകൻ(സ്വ) വൈദ്യശാസ്ത്രത്തിൽ പ്രാവീണ്യമുള്ളവരെയാണ് ചികിത്സക്ക് തെരഞ്ഞെടുത്തിരുന്നത്. സ്വഹാബികളിൽ പെട്ട ഒരാൾക്ക് ഒരു മുറിവ് സംഭവിച്ചു. അപ്പോൾ നബി(സ്വ) ബനൂഅൻമാറിൽ പെട്ട രണ്ടാളുകളെ വിളിച്ചു. അവർ അദ്ദേഹത്തെ നോക്കി. അപ്പോൾ നബി(സ്വ) അവരോട് ചോദിച്ചു: “നിങ്ങളിൽ ആർക്കാണ് വൈദ്യം കൂടുതൽ അറിയുന്നത്?” അപ്പോൾ അവർ ചോദിച്ചു: “അല്ലാഹുവിന്റെ ദൂതരേ, വൈദ്യത്തിലും നല്ലതുണ്ടോ?” അപ്പോൾ നബി(സ്വ) പറഞ്ഞു: “രോഗങ്ങൾ ഇറക്കിയവൻതന്നെയാണ് ഔഷധവും ഇറക്കിയത്” (ബൈഹഖി).

സഅദ് ബിൻ മുആദി(റ)ന് ഖൽദഖ് യുദ്ധത്തിൽ അമ്പേറ്റപ്പോൾ അദ്ദേഹത്തെ ചികിത്സിക്കുന്നതിന് വേണ്ടി നബി(സ്വ) സഹാബി വനിതയായ റഫീദ(റ)യുടെ തമ്പിലേക്ക് കൊണ്ടുപോകാനാണ് കൽപിച്ചത് കാരണം മുറിവേറ്റവരെ ചികിത്സിക്കുന്നതിൽ അവർക്ക് നൈപുണ്യമുണ്ടായിരുന്നു. സ്ത്രീകൾ പുരുഷന്മാരെ ചികിത്സിക്കുന്നത് അപൂർവമായ അക്കാലത്ത് വൈദ്യവൈദഗ്ധ്യംകൊണ്ടാണ് അവർ അതിന് അർഹത നേടിയത്. അതുപോലെ സഅ്ദ് ബിൻ അബീവക്വാസി(റ)നോട് അറബികളിലെ പ്രസിദ്ധ ഭിഷഗ്വരനായിരുന്ന ഹാരിസ് ബിൻ കൽദയുടെ അടുത്ത് പോകാനാണ് കൽപിച്ചത്. മുസ്‌ലിമിനെ ചികിത്സിക്കാൻ അമുസ്‌ലിം വൈദ്യവിദഗ്ധനെയാണ് നിർദേശിച്ചത് എന്ന കാര്യം പ്രത്യേകം ശ്രദ്ധേയമാണ്. ഇന്ന് ആയുർവേദത്തിൽ ഉപയോഗിക്കപ്പെടുന്ന ധാരാളം പച്ചമരുന്നുകൾ നബി(സ്വ)യുടെ ചികിത്സാവിധികളിൽ കാണാം.

*(തുടരും)*

**മനുഷ്യൻെറ പ്രശ്നങ്ങൾക്ക് പരിഹാരമായി മനുഷ്യർ തന്നെ രൂപപ്പെടുത്തിയതാണ് പ്രത്യയശാസ്ത്രങ്ങളെല്ലാം. എന്നാൽ ജീവശാസ്ത്ര വ്യതിരിക്തതകളാലും ഭൂമിശാസ്ത്ര മാറ്റങ്ങളാലും സഹജമായ മാനുഷിക വ്യത്യാസങ്ങളാലും കാലഘട്ടത്തിൻെറ സമ്മർദങ്ങളാലുമെല്ലാം ഇവയ്ക്ക് പരിഷ്കാരങ്ങൾ ആവശ്യമായി വന്നു. എന്നിട്ടും പ്രായോഗിക തലങ്ങളിൽ പലപ്പോഴും ഇവയെല്ലാം പരാജയപ്പെടുകയാണുണ്ടായത്. ഇവിടെയാണ് സ്രഷ്ടാവിൻെറ ആശയസംഹിത വേറിട്ടുനിൽക്കുന്നത്.**



# മതവും മനുഷ്യനിർമിത പ്രസ്ഥാനങ്ങളും

റൈഹാൻ ഷഹീദ്
: 8921259204

മനുഷ്യരുടെ ബുദ്ധിയിൽനിന്നും ചിന്തയിൽനിന്നും ധാരാളം ദർശനങ്ങളും പ്രസ്ഥാനങ്ങളും ചിന്താധാരകളും ലോകത്ത് ഉദയംകൊണ്ടിട്ടുണ്ട്. എന്നാൽ അവയ്ക്കൊന്നും മാനവരാശിയുടെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം നിർദേശിക്കാനോ കാലത്തെ അതിജീവിച്ച് ഭേദഗതി വരുത്താതെ നിലനിൽക്കാനോ സാധിച്ചിട്ടില്ല, പലതും മൺമറയുകയും ചെയ്തു. കാരണം മനുഷ്യൻ അൽപജ്ഞാനിയാണ്. നാളെയെക്കുറിച്ച് അറിയാത്തവനാണ്. സ്വന്തം താൽപര്യങ്ങളുടെയും നിലവിലെ സാഹചര്യങ്ങളുടെയും സ്വാധീനം മനുഷ്യൻ ആവിഷ്കരിക്കുന്ന നിയമങ്ങളിൽ കാണാതിരിക്കില്ല. ലിബറലിസം, മാർക്സിസം, ഓറിയന്റലിസം

എന്നിവ മാനവരാശിക്ക് സാമൂഹിക-സാമ്പത്തിക-സാംസ്കാരിക രംഗങ്ങളിൽ സമ്മാനിച്ചതെന്ത് എന്ന് ലഘുവായി പരിശോധിക്കുകയാണ് ഈ ലേഖനത്തിലൂടെ.

## ലിബറലിസം

എല്ലാവർക്കും സ്വാതന്ത്ര്യവും പുരോഗതിയും ആഗ്രഹിക്കുന്ന, നിഷ്പക്ഷവും സാർവത്രികവുമായ ആശയമായിട്ടാണ് ലിബറലിസത്തെ പലരും വിശേഷിപ്പിക്കാറുള്ളത്. വാസ്തവത്തിൽ, ഇത് ഒരു പ്രത്യേക കാലത്തിന്റെയും സ്ഥലത്തിന്റെയും ഉൽപന്നമാണ്. പ്രത്യേകമായ യൂറോപ്യൻ അനുഭവങ്ങളിൽനിന്നും പോരാട്ടങ്ങളിൽനിന്നും അത് വളർന്നു. അത് സാർവത്രികമാണെന്ന അവകാശവാദം, ആധുനിക യൂറോപ്പിലെ മൂർത്തമായ രാഷ്ട്രീയ, മത, സാമൂഹിക പ്രശ്നങ്ങൾക്കുള്ള പ്രതികരണമായി അത് വികസിച്ചു എന്ന വസ്തുതയെ മറച്ചു വയ്ക്കുന്നതാണ്. ലിബറലിസത്തെ ശരിയായി മനസ്സിലാക്കാൻ, അതിന്റെ ആഗോള സ്വാധീനത്തെയും അതിന്റെ ദാർശനിക പരിധികളെയും വിലയിരുത്തുന്നതിനു മുമ്പ് ആദ്യം അതിന്റെ ചരിത്ര പശ്ചാത്തലത്തിൽ അതിനെ കാണണം.

മധ്യകാല ക്രൈസ്തവലോകത്തിന്റെ തകർച്ചയ്ക്ക് ശേഷമാണ് ലിബറലിസത്തിന്റെ ബൗദ്ധിക വേരുകൾ കിടക്കുന്നത്.[1] നൂറ്റാണ്ടുകളായി മതപരമായ സംഘർഷങ്ങൾ, സമ്പൂർണ രാജവാഴ്ച, ഫ്യൂഡൽ വർഗീകരണം, രാഷ്ട്രീയ അധികാരം, ദൈവശാസ്ത്രപരമായ ആധിപത്യവുമായി ഇഴചേർന്ന പൗരോഹിത്യ അധികാരം എന്നിവ യൂറോപ്പിൽ സംജാതമായി. പ്രൊട്ടസ്റ്റന്റ് നവീകരണവും തുടർന്നുണ്ടായ മുപ്പത് വർഷത്തെ യുദ്ധവും, പൊതുജീവിതത്തിൽ 'ദിവ്യമായ നിയമസാധുത' അവകാശപ്പെടുന്ന ഏതൊരു വ്യവസ്ഥയെയും യൂറോപ്യൻ ചിന്തകരെ ആഴത്തിൽ സംശയാലുക്കളാക്കി.[2] അധികാരത്തെ ബലപ്രയോഗവുമായും മതത്തെ രക്തച്ചൊരിച്ചിലുമായും ബന്ധപ്പെടുത്താൻ തുടങ്ങി. ഈ സാഹചര്യത്തി ലാണ് ജ്ഞാനോദയ ചിന്തകർ യുക്തിസഹവും അനുഭവപരവും സാർവത്രികമായി പ്രാപ്യവുമാണെന്ന് അവർ വിശ്വസിക്കുന്ന അടിത്തറകളിൽ സമൂഹത്തെ പുനർനിർമിക്കാൻ ശ്രമിച്ചത്.[3]

ജോൺ ലോക്കിനെപ്പോലുള്ള ചിന്തകർ വാദിച്ചത്, രാഷ്ട്രീയ നിയമസാധുത ദൈവിക കൽപനയിൽ നിന്നല്ല, മറിച്ച് സാമൂഹിക കരാറിൽ(social contract) നിന്നും സമ്മതത്തിൽ(consent) നിന്നുമാണ് ഉരുത്തിരിഞ്ഞത് എന്നാണ്. സമൂഹത്തിന് മുമ്പ് മനുഷ്യർക്ക് സ്വാഭാവിക അവകാശങ്ങൾ ഉണ്ടായിരുന്നുവെന്നും ജീവൻ, സ്വാതന്ത്ര്യം, സ്വത്ത് എന്നിവ സംരക്ഷിക്കുക മാത്രമായിരുന്നു ഭരണകൂടത്തിന്റെ പങ്ക് എന്നും അദ്ദേഹം അവകാശപ്പെട്ടു.[4] അവകാശങ്ങൾ കടമകളിലും തത്ത്വമീമാംസയിലും ഉൾച്ചേർത്തിരുന്ന ആധുനികപൂർവ ധാർമിക ചിന്തയിൽനിന്നുള്ള ഒരു സമൂലമായ വ്യതിയാനമായിരുന്നു ഇത്. വ്യക്തിഗത സ്വയംഭരണത്തെ ധാർമികവും രാഷ്ട്രീയവുമായ യുക്തിയുടെ ആരംഭ പോയിന്റാക്കി മാറ്റി ലിബറലിസം ഈ ബന്ധത്തെ മാറ്റിമറിച്ചു.[5]

ഈ രാഷ്ട്രീയ മാറ്റത്തിനൊപ്പം സാമ്പത്തിക ലിബറലിസം വികസിച്ചു. മാർക്കറ്റ് സംവിധാനങ്ങളിലൂടെ വ്യക്തിഗത സ്വാർഥതാൽപര്യത്തിൽ നിന്ന് സാമൂഹിക ക്രമം സ്വയമേവ ഉയർന്നുവരുമെന്ന് ആഡം സ്മിത്ത് നിർദേശിച്ചു. ധാർമിക നിയന്ത്രണം സാമുദായിക ധാർമികതയിൽ(communal ethics) നിന്ന് അദൃശ്യ സാമ്പത്തിക ശക്തികളിലേക്ക് (invisible economic forces) മാറ്റി.[6] സ്മിത്ത് തന്നെ ധാർമിക ആശങ്കകൾ നിലനിർത്തിയപ്പോൾ, പിന്നീട് ലിബറൽ സമ്പദ്‌വ്യവസ്ഥകൾ അദ്ദേഹത്തിന്റെ ചിന്തയെ അതിന്റെ ധാർമിക ചട്ടക്കൂടിൽനിന്ന് ഒഴിവാക്കി; സമൂഹത്തെ മത്സരം, സഞ്ചയം, വളർച്ച എന്നിവയിലേക്ക് ചുരുക്കി. വിപണി അതോടെ ധാർമിക പരിധിക്കുള്ളിലെ ഒരു ഉപകരണമെന്നതിൽനിന്നും ജീവിതത്തിന്റെ പ്രാഥമിക സംഘാടന തത്ത്വമായി മാറി.[7]

പത്തൊൻപതാം നൂറ്റാണ്ടോടെ, ലിബറലിസം വ്യാവസായിക മുതലാളിത്തത്തിൽ (industrial capitalism) നിന്ന് വേർതിരിക്കാനാവാത്തതായി മാറി.[8] അത് വൻതോതിലുള്ള സമ്പത്ത് സൃഷ്ടിച്ചെങ്കിലും, അങ്ങേയറ്റത്തെ അസമത്വം, നഗരദാരിദ്ര്യം, ചൂഷണം എന്നിവയും സൃഷ്ടിച്ചു. ഇവ ആകസ്മികമായ പരാജയ

**പത്തൊൻപതാം നൂറ്റാണ്ടോടെ, ലിബറലിസം വ്യാവസായിക മുതലാളിത്തത്തിൽ (industrial capitalism) നിന്ന് വേർതിരിക്കാനാവാത്തതായി മാറി.[8] അത് വൻതോതിലുള്ള സമ്പത്ത് സൃഷ്ടിച്ചെങ്കിലും, അങ്ങേയറ്റത്തെ അസമത്വം, നഗരദാരിദ്ര്യം, ചൂഷണം എന്നിവയും സൃഷ്ടിച്ചു. ഇവ ആകസ്മികമായ പരാജയങ്ങളല്ല, മറിച്ച് ധാർമിക ബാധ്യതയെക്കാൾ കരാർ സ്വാതന്ത്ര്യത്തിന് മുൻഗണന നൽകിയ ഒരു വ്യവസ്ഥയുടെ ഘടനാപരമായ ഫലങ്ങളായിരുന്നു.**

ങ്ങളല്ല, മറിച്ച് ധാർമിക ബാധ്യതയെക്കാൾ കരാർ സ്വാതന്ത്ര്യത്തിന് മുൻഗണന നൽകിയ ഒരു വ്യവസ്ഥയുടെ ഘടനാപരമായ ഫലങ്ങളായിരുന്നു. തൊഴിലാളി നിയമപരമായി സ്വതന്ത്രനായിരുന്നുവെങ്കിലും ഭൗതികമായി കുടുങ്ങിപ്പോയി. നീതിയില്ലാത്ത സ്വാതന്ത്ര്യം ഇതിനകം തന്നെ നേട്ടമുള്ളവർക്ക് അധികാരം പുനർവിതരണം ചെയ്യുക മാത്രമാണെന്ന് വിമർശകർ നിരീക്ഷിച്ചപ്പോൾ, ലിബറലിസം ഇതിനെ പുരോഗതിയായി ആഘോഷിച്ചു.

വ്യാവസായിക മുതലാളിത്തം സൃഷ്ടിച്ച സാമൂഹിക പ്രതിസന്ധികൾക്ക് മറുപടിയായി, ക്ഷേമാധിഷ്ഠിത ലിബറലിസം (welfare oriented liberalism) ഇരുപതാം നൂറ്റാണ്ടിൽ ഹ്രസ്വമായി ഉയർന്നുവന്നു. എന്നിരുന്നാലും, ഈ ഘട്ടം താൽക്കാലികമാണെന്ന് തെളിഞ്ഞു. ഇരുപതാം നൂറ്റാണ്ടിന്റെ അവസാനത്തോടെ, ലിബറലിസം നവലിബറലിസത്തിലേക്ക് (neo liberalism) കൂടുതൽ സമൂലമായ പരിവർത്തനത്തിന് വിധേയമായി. ഫ്രെഡറിക് ഹയെക്, മിൽട്ടൺ ഫ്രീഡ്മാൻ തുടങ്ങിയ ചിന്തകർ ഭരണകൂട ഇടപെടൽ അന്തർലീനമായി കാര്യക്ഷമമല്ലെന്നും സമ്പദ്വ്യവസ്ഥകളെ മാത്രമല്ല, സമൂഹങ്ങളെയും സംഘടിപ്പിക്കുന്നതിനുള്ള മികച്ച സംവിധാനങ്ങളാണെന്നും വാദിച്ചു.[10] അന്താരാഷ്ട്ര ധനകാര്യ സ്ഥാപനങ്ങൾ, ഘടനാപരമായ ക്രമീകരണ പരിപാടികൾ, വ്യാപാര ഉദാരവൽക്കരണം എന്നിവയിലൂടെ ഈ പ്രത്യയശാസ്ത്രം ആഗോള നയത്തിൽ ആധിപത്യം സ്ഥാപിച്ചു.

നവലിബറലിസം ലിബറലിസത്തിന്റെ കാതലായ അനുമാനങ്ങളെ ആഗോളവൽക്കരിച്ചു. മൂലധന ചലനത്തെ സേവിക്കുന്നതിനായി രാഷ്ട്രങ്ങളെ പുനഃക്രമീകരിച്ചു. പൊതുസേവനങ്ങൾ സ്വകാര്യവൽക്കരിച്ചു. വഴക്കത്തിന്റെ (flexibility) പേരിൽ തൊഴിൽ സംരക്ഷണം ദുർബലപ്പെടുത്തി. സാമൂഹിക സുരക്ഷാ വലകളെ ധാർമിക അപകടങ്ങളായി പുനർനിർമിച്ചു. വളർച്ചാ അളവുകോലുകളിൽ മുഴുവൻ ജനവിഭാഗങ്ങളെയും ഡാറ്റാ പോയിന്റുകളായി ചുരുക്കി. ജിഡിപി വർധിച്ചപ്പോൾ മനുഷ്യ സുരക്ഷ കുറഞ്ഞു.[11] നവലിബറലിസം തിരഞ്ഞെടുപ്പ് വാഗ്ദാനം ചെയ്തു; പക്ഷേ, പരമാധികാരം പൊള്ളയായി, പ്രത്യേകിച്ച് ആഗോള ദക്ഷിണേന്ത്യയിൽ, പരിഷ്കരണത്തിന്റെയും വികസനത്തിന്റെയും ഭാഷയിൽ സാമ്പത്തിക നയങ്ങൾ അടിച്ചേൽപിച്ചു.[12]

സാമ്പത്തിക ശാസ്ത്രത്തിനപ്പുറം, ലിബറലിസം ധാർമികവും സാമൂഹികവുമായ ജീവിതത്തെ പുനർനിർമിച്ചു. മതത്തെയും ധാർമികതയെയും സ്വകാര്യവൽക്കരിച്ചുകൊണ്ട്, അത് ധാർമിക അധികാരത്തെ ഛിന്നഭിന്നമാക്കി. സത്യം ആത്മനിഷ്ഠമായി, ധാർമികത വ്യക്തിപരമായ മുൻഗണനയായി, അർഥം സ്വയം നിർമിച്ചതായി. ഇതിനെ പല സാമൂഹ്യശാസ്ത്രജ്ഞരും ധാർമിക വൈരാഗ്യം (moral anomie) എന്ന് വിശേഷിപ്പിച്ചു.[13] വ്യക്തികൾക്ക് സമ്പൂർണ സ്വാതന്ത്ര്യത്തിന്റെ ഭാരം ഉണ്ടായിരുന്നു; പക്ഷേ, പങ്കിട്ട ലക്ഷ്യങ്ങൾ നഷ്ടപ്പെട്ടു.ഉത്കണ്ഠ, ഏകാന്തത, നിഹിലിസം എന്നിവ ലിബറൽ സമൂഹ ങ്ങളുടെ ആകസ്മികമായ രോഗങ്ങളല്ല, മറിച്ച് മനുഷ്യജീവിതത്തെ അതിരുകടന്ന അർഥത്തിൽനിന്ന് വേർപെടുത്തുന്ന ഒരു ലോകവീക്ഷണത്തിന്റെ യുക്തിസഹമായ അനന്തരഫലങ്ങളാണ്.[14]

**മാർക്സിസം**

പത്തൊൻപതാം നൂറ്റാണ്ടിലെ ലിബറൽ മുതലാളിത്തം സൃഷ്ടിച്ച സാമൂഹിക വിനാശം തർക്കമി ല്ലാതെ തുടർന്നു. വ്യവസായവൽക്കരണം അസമത്വം, അന്യവൽക്കരണം, ചൂഷണം എന്നിവ തീവ്രമാക്കിയപ്പോൾ, ലിബറലിസത്തിന്റെ പരാജയങ്ങളോടുള്ള ബൗദ്ധികവും രാഷ്ട്രീയവുമായ പ്രതികരണങ്ങളായി സോഷ്യലിസവും പിന്നീട് മാർക്സിസവും ഉയർന്നുവന്നു. ലിബറലിസം വ്യക്തി സ്വാതന്ത്ര്യത്തെയും സ്വകാര്യസ്വത്തിനെയും ഉയർത്തിപ്പിടിച്ചിടത്ത്, സോഷ്യലിസം കൂട്ടായ ഉടമസ്ഥതയ്ക്കും സാമ്പത്തിക സമത്വത്തിനും ഊന്നൽ നൽകി. മാർക്സിസം പ്രത്യേകിച്ച് ഒരു ധാർമിക വിമർശനമായി മാത്രമല്ല, മനുഷ്യസമൂഹങ്ങളെ നിയന്ത്രിക്കുന്ന നിയമങ്ങൾ വെളിപ്പെടുത്തുമെന്ന് അവകാശപ്പെടുന്ന ഒരു ശാസ്ത്രീയ ചരിത്ര സിദ്ധാന്തമായും സ്വയം അവതരിപ്പിച്ചു.

കാൾ മാർക്സും ഫ്രെഡറിക് ഏംഗൽസും ഈ ബദൽ വ്യക്തമായി അവതരിപ്പിച്ചു. ലിബറൽ മുതലാളിത്തം അനിവാര്യമായും ബൂർഷ്വാസിയുടെ കൈകളിൽ സമ്പത്ത് കേന്ദ്രീകരിക്കുകയും തൊഴിലാളികളെ ചരക്കുവൽക്കരിക്കപ്പെട്ട തൊഴിലാളികളാക്കി ചുരുക്കുകയും ചെയ്യുന്നുവെന്ന് മാർക്സ് വാദിച്ചു. ചരിത്രം വർഗസമരത്താൽ നയിക്കപ്പെടുന്നുവെന്നും മുതലാളിത്തം ഒടുവിൽ സ്വന്തം വൈരുധ്യങ്ങൾക്ക് കീഴിൽ തകരുമെന്നും അത് വർഗരഹിതവും രാഷ്ട്രരഹിതവുമായ ഒരു സമൂഹത്തിന് കാരണമാകുമെന്നും അദ്ദേഹം അവകാശപ്പെട്ടു.[16]

ലിബറലിസത്തിന്റെ പല ഭൗതിക അനീതികളെയും മാർക്സിസം ശരിയായി തിരിച്ചറിഞ്ഞു. സ്വാത ന്ത്ര്യം പലപ്പോഴും സാമ്പത്തിക ബലപ്രയോഗത്തെ എങ്ങനെ മറച്ചുവെന്നും വിപണികൾ അധികാര ബന്ധങ്ങളിൽ എങ്ങനെ ഉൾച്ചേർന്നിരിക്കുന്നുവെന്നും അത് തുറന്നുകാട്ടി. ഡേവിഡ് ഹാർവിയെപ്പോലുള്ള ചിന്തകർ മാർക്സിസത്തിന്റെ ഫലങ്ങളെ വിമർശിക്കുമ്പോഴും ഈ വിശകലന ശക്തിയെ അംഗീകരിക്കുന്നു.[17] പക്ഷേ, മാർക്സിസത്തിന്റെ രോഗനിർണയം പ്രായോഗികമായ ഒരു ധാർമിക-രാഷ്ട്രീയ പരിഹാരമായി മാറിയില്ല.

മാർക്സിസത്തിന്റെ കാതലായ പോരായ്മ അതിന്റെ ദാർശനിക ഭൗതികവാദത്തിലാണ് (philosophical materialism). മനുഷ്യരെ സാമ്പത്തിക അഭിനേതാക്കളായും ചരിത്രത്തെ ഭൗതിക ശക്തികളായും ചുരുക്കിക്കൊണ്ട്, മാർക്സിസം ജീവിതത്തിന്റെ അർഥം ഇല്ലാതാക്കി. മതത്തെ മിഥ്യയായും എത്തിക്സിനെ വർഗ പ്രത്യയശാസ്ത്രമായും ധാർമികതയെ ഭൗതിക സാഹചര്യങ്ങളുടെ ഉപോൽപന്നമായും വിശേഷിപ്പിച്ച് തള്ളിക്കളഞ്ഞു. ചരിത്രപരമായ അനിവാര്യതയെക്കുറിച്ചുള്ള മാർക്സിസത്തിന്റെ അവകാശവാദം സ്വേച്ഛാധിപത്യത്തിലേക്ക് നയിക്കുന്നുവെന്ന് പ്രശസ്ത പണ്ഡിതനായ കാൾ പോപ്പർ പറഞ്ഞു.[17]

രാഷ്ട്രീയ അടിച്ചമർത്തലിനാൽ മാത്രമല്ല, മനുഷ്യസ്വഭാവത്തെ തെറ്റിദ്ധരിച്ചതിനാലും സോഷ്യലിസം പരാജയപ്പെട്ടു. ഭൗതിക സമത്വം ധാർമിക സംഘർഷം ഇല്ലാതാക്കുമെന്ന് കരുതി; അത് ആഗ്രഹം, ധാർമിക ഉത്തരവാദിത്തം എന്നിവയെ അവഗണിച്ചു. ബലപ്രയോഗത്തെ സമ്മതമായി വ്യാഖ്യാനിച്ചു. ലിബറലിസം അച്ചടക്കമില്ലാതെ



ആഗ്രഹത്തെ അഴിച്ചുവിട്ടപ്പോൾ, മാർക്സിസം ഭരണകൂട അധികാരത്തിലൂടെ ആഗ്രഹത്തെ അടിച്ചമർത്താൻ ശ്രമിച്ചു. രണ്ട് സമീപനങ്ങളും മനുഷ്യന്റെ ആഴത്തിലുള്ള ധാർമിക ഘടനയെ അവഗണിക്കുമ്പോൾ ലക്ഷണങ്ങളെ പരിഗണിച്ചു.

### ഇസ്‌ലാം വ്യതിരിക്തമാകുന്നത്

ഇസ്‌ലാം അടിസ്ഥാനപരമായി ലിബറലിസത്തിൽ നിന്നും മാർക്സിസത്തിൽ നിന്നും വ്യത്യസ്തമാണ്. അത് സാമ്പത്തിക ക്രമീകരണങ്ങളിൽ നിന്നല്ല, മറിച്ച് ധാർമിക നരവംശശാസ്ത്രത്തിൽ (moral anthropology) നിന്നാണ് ആരംഭിക്കുന്നത്. മനുഷ്യനെക്കുറിച്ചുള്ള ഖുർആനിക വീക്ഷണം ഭൗതിക ആവശ്യങ്ങളെയും ആത്മീയ ചായ്‌വുകളെയും തിരിച്ചറിയുന്നു. മനുഷ്യർ പൂർണമായും സ്വാർഥതാൽപര്യമുള്ളവരോ വർഗനിലപാടുകളിലേക്ക് ചുരുക്കാവുന്നവരോ അല്ല. അവർ അല്ലാഹുവിന്റെ മുമ്പാകെ ഉത്തരവാദിത്തമുള്ള ധാർമിക വ്യക്തിത്വങ്ങളാണ്. ഇസ്‌ലാമിക പരിഹാരങ്ങൾ മുതലാളിത്തത്തി ന്റെയും സോഷ്യലിസത്തിന്റെയും അതിരുകടക്കലിനെ ഒഴിവാക്കുന്നതിന്റെ കാരണം ഈ അടിസ്ഥാന വ്യത്യാസം വിശദീകരിക്കുന്നു. [18]

ആഗ്രഹത്തെ ഒരു ധാർമിക കോമ്പസായി പിന്തുടരുക എന്ന ആശയത്തെയും ഇസ്‌ലാം നേരിട്ട് വിമർശിക്കുന്നു. അല്ലാഹു മുന്നറിയിപ്പ് നൽകുന്നു: “സ്വന്തം ആഗ്രഹത്തെ ദൈവമായി എടുക്കുന്നവനെ നീ കണ്ടിട്ടുണ്ടോ? അപ്പോൾ നീ അവന്റെ മേൽ ഒരു കാവൽക്കാരനായിരിക്കുമോ?” (ഖുർആൻ 25:43).

**ഇസ്‌ലാം അടിസ്ഥാനപരമായി ലിബറലിസത്തിൽ നിന്നും മാർക്സിസത്തിൽ നിന്നും വ്യത്യസ്തമാണ്. അത് സാമ്പത്തിക ക്രമീകരണങ്ങളിൽ നിന്നല്ല, മറിച്ച് ധാർമിക നരവംശശാസ്ത്രത്തിൽ (moral anthropology) നിന്നാണ് ആരംഭിക്കുന്നത്. മനുഷ്യനെക്കുറിച്ചുള്ള ഖുർആനിക വീക്ഷണം ഭൗതിക ആവശ്യങ്ങളെയും ആത്മീയ ചായ്‌വുകളെയും തിരിച്ചറിയുന്നു. മനുഷ്യർ പൂർണമായും സ്വാർഥതാൽപര്യമുള്ളവരോ വർഗനിലപാടുകളിലേക്ക് ചുരുക്കാവുന്നവരോ അല്ല. അവർ അല്ലാഹുവിന്റെ മുമ്പാകെ ഉത്തരവാദിത്തമുള്ള ധാർമിക വ്യക്തിത്വങ്ങളാണ്.**

ഈ വാക്യം ലിബറൽ ധാർമിക തത്ത്വചിന്തയുടെ ആഴത്തിലുള്ള നിരാകരണമാണ്. സ്വയം ആത്യന്തിക അധികാരമായി മാറുമ്പോൾ, ആഗ്രഹം ദൈവത്തെ മാറ്റിസ്ഥാപിക്കുന്നു. ലിബറലിസം സ്വയംഭരണം എന്ന് വിളിക്കുന്നതിനെ, അഹങ്കാരത്തോടുള്ള അടിമത്തത്തിന്റെ ഒരു രൂപമായി ഖുർആൻ വ്യക്തമാക്കുന്നു..

ഇസ്‌ലാമിക സാമ്പത്തികചിന്ത സ്വകാര്യ ഉടമസ്ഥതയെ അനുവദിക്കുന്നു. അതേസമയം സമ്പത്തിന്മേലുള്ള സമ്പൂർണ പരമാധികാരം നിഷേധിക്കുന്നു. സ്വത്ത് ഒരു അമാനത്താണ്. ഉടമസ്ഥാവകാശം നീക്കം ചെയ്യാതെ സകാത്ത് പുനർവിതരണം സ്ഥാപനവൽക്കരിക്കുന്നു. പലിശ നിരോധനം ഉൽപാദനപരമായ അപകടസാധ്യതയിൽനിന്ന് വേർപെടുത്തിയ ശേഖരണം തടയുന്നു. അനന്തരാവകാശ നിയമങ്ങൾ സമ്പത്തിന്റെ വംശ കേന്ദ്രീകരണത്തെ തടയുന്നു.

മാർക്സിസത്തിൽനിന്ന് വ്യത്യസ്തമായി, ഇസ്‌ലാം വിപണികളെ ഇല്ലാതാക്കുന്നില്ല. നവലിബറലിസത്തിൽ നിന്ന് വ്യത്യസ്തമായി, അത് അവയെ ധാർമികമായി നിയന്ത്രിക്കുന്നു. സാമ്പത്തിക പ്രവർത്തനം ധാർമിക പരിധികളിലും സാമൂഹിക ബാധ്യതകളിലും അല്ലാഹുവിന്റെ മുമ്പാകെയുള്ള ഉത്തരവാദിത്തത്തിലും ഉൾച്ചേർന്നിരിക്കുന്നു. ദരിദ്രർ വിപ്ലവത്തിന്റെ ഉപകരണങ്ങളോ ദാനധർമ വസ്തുക്കളോ അല്ല, മറിച്ച് ദൈവം ഉറപ്പുനൽകിയ അവകാശങ്ങളുടെ ഉടമകളാണ്. ഈ ധാർമിക ചട്ടക്കൂട് ചൂഷണത്തെയും വർഗയുദ്ധത്തെയും തടയുന്നു.

രാഷ്ട്രീയമായി, ഇസ്‌ലാം ലിബറൽ വ്യക്തിവാദത്തിന്റെയും സോഷ്യലിസ്റ്റ് രാഷ്ട്രവാദത്തിന്റെയും തീവ്രത ഒഴിവാക്കുന്നു. ഭരണകൂടത്തിന്റെ കൈകളിലായാലും ജനങ്ങളുടെ കൈകളിലായാലും അധികാരം സമ്പൂർണമല്ല. ഭരണം നീതി, കൂടിയാലോചന, ഉത്തരവാദിത്തം എന്നിവയാൽ ബന്ധിതമാണ്. നിയമം ആഗ്രഹത്തിനനുസരിച്ച്

അനന്തമായി വഴക്കമുള്ളതോ ചരിത്രപരമായ നിർണയ വാദത്തിലൂടെ അടിച്ചേൽപിക്കപ്പെടുന്നതോ അല്ല. അത് വെളിപ്പെടുത്തലിൽ വേരൂന്നിയതും മനുഷ്യന്റെ യുക്തിയിലൂടെ പ്രയോഗിക്കുന്നതുമാണ്.

ഏറ്റവും പ്രധാനമായി, ലിബറലിസവും മാർക്സിസവും നിശ്ശബ്ദമാകുന്നിടത്ത് ഇസ്‌ലാം അർഥം പുനഃസ്ഥാപിക്കുന്നു. സ്വാതന്ത്ര്യത്തിന്റെ പേരിൽ ലിബറലിസം അതിരുകടന്ന് ജീവിതത്തെ ശൂന്യമാക്കുന്നു. ഭൗതിക സമത്വത്തിന്റെ പേരിൽ മാർക്സിസം അതിനെ ശൂന്യമാക്കുന്നു.

ഇരുപതാം നൂറ്റാണ്ട് തെളിയിച്ചത് ലിബറലിസം സമ്മതത്തോടെ അസമത്വം സൃഷ്ടിക്കുന്നു എന്നാണ്. അതേസമയം മാർക്സിസം ബലപ്രയോഗത്തിലൂടെ സമത്വം സൃഷ്ടിക്കാൻ ശ്രമിക്കുന്നു. ഇസ്‌ലാം അനിയന്ത്രിതമായ ആഗ്രഹമോ നിർബന്ധിത ഏകീകരണമോ വാഗ്ദാനം ചെയ്യുന്നില്ല. അത് കാരുണ്യത്തോടുകൂടിയ അച്ചടക്കം, ലക്ഷ്യത്തോടെയുള്ള സ്വാതന്ത്ര്യം, മനുഷ്യപ്രകൃതിയെക്കുറിച്ചുള്ള അറിവിൽ അധിഷ്ഠിതമായ നീതി എന്നിവ വാഗ്ദാനം ചെയ്യുന്നു. ആധുനിക പ്രത്യയശാസ്ത്രങ്ങളുടെ പരാജയങ്ങളോട് പ്രതികരിക്കുന്നതിലല്ല, മറിച്ച് അവയുടെ അനുമാനങ്ങളെ പൂർണമായും മറികടക്കുന്നതിലാണ് അതിന്റെ ശ്രേഷ്ഠത.

**ഓറിയന്റലിസം**

ലിബറലിസത്തിന്റെയും നവലിബറലിസത്തിന്റെയും സോഷ്യലിസത്തിന്റെയും പോലും ആഗോള വികാസത്തിലെ നിർണായകവും എന്നാൽ പലപ്പോഴും അവഗണിക്കപ്പെടുന്നതുമായ ഒരു ഘടകം ഓറിയന്റലിസമാണ്. രാഷ്ട്രീയ നിയന്ത്രണം, സാംസ്കാരിക ആധിപത്യം, ബൗദ്ധിക മേധാവിത്വം എന്നിവയെ ന്യായീകരിക്കുന്നതിനായി പാശ്ചാത്യ ശക്തികൾ കിഴക്കിനെ-പ്രത്യേകിച്ച് മുസ്‌ലിം സമൂഹങ്ങളെ-യുക്തിരഹിതവും പിന്നോക്കവുമായി (ചരിത്രപരമായി) പഠിക്കുകയും പ്രതിനിധീകരിക്കുകയും ചെയ്ത രീതിയാണ് ഓറിയന്റലിസം.

ഇതിനെ എഡ്വേർഡ് സെയ്ദ് ഏറ്റവും കർശനമായി വിശകലനം ചെയ്യുന്നുണ്ട്.[20] കിഴക്കിനെക്കുറിച്ചുള്ള പാശ്ചാത്യ അറിവ് വസ്തുനിഷ്ഠമായ പാണ്ഡിത്യമല്ല, മറിച്ച് ആധിപത്യത്തെ ന്യായീകരിക്കുന്ന ഒരു പ്രതിനിധാന സംവിധാനമാണെന്ന് അദ്ദേഹം പറയുന്നു. നേരത്തെ സൂചിപ്പിച്ചതുപോലെ, ഇസ്‌ലാമിക സമൂഹങ്ങളെ യുക്തിരഹിതവും സ്വേച്ഛാധിപത്യപരവും ധാർമികമായി താഴ്ന്നതുമായി ചിത്രീകരിച്ചു. അതേസമയം യൂറോപ്പ് സ്വയം യുക്തിസഹവും പുരോഗമനപരവും ധാർമികമായി പക്വതയുള്ളതുമായി ചിത്രീകരിക്കപ്പെടുന്നു .ഈ ചിത്രീകരണം പാശ്ചാത്യ രാഷ്ട്രീയ, സാമ്പത്തിക പ്രത്യയശാസ്ത്രങ്ങളെ സാംസ്കാരികമായി നിർദിഷ്ട പ്രതികരണങ്ങളായി (culturally specific responses) അവതരിപ്പിക്കുന്നതിനുപകരം സാർവത്രിക പരിഹാരങ്ങളായി (universal solutions) അവതരിപ്പിക്കാൻ അനുവദിച്ചു.

പാശ്ചാത്യ മതേതര ആധുനികതയെ എല്ലാ നാഗരികതകളുടെയും സ്വാഭാവിക അന്തിമബിന്ദുവായി രൂപപ്പെടുത്തി ലിബറലിസം ഈ ഓറിയന്റലിസ്റ്റ് അനുമാനങ്ങളെ സ്വാംശീകരിച്ചു. പാശ്ചാത്യ ലിബറൽ ജനാധിപ



**ആധുനിക ലോകം തളർന്നുപോയിരിക്കുന്നു. ലിബറലിസം സ്വാതന്ത്ര്യം വാഗ്ദാനം ചെയ്തു; പക്ഷേ, ശൂന്യത നൽകി. നവലിബറലിസം അഭിവൃദ്ധി വാഗ്ദാനം ചെയ്തു; പക്ഷേ, ചൂഷണം സാധാരണമാക്കി. സോഷ്യലിസം നീതി വാഗ്ദാനം ചെയ്തു; പക്ഷേ, ബലപ്രയോഗം സൃഷ്ടിച്ചു. ഇസ്‌ലാം ആർക്കും നൽകാൻ കഴിയാത്തത് വാഗ്ദാനം ചെയ്യുന്നു. സ്രഷ്ടാവിനെക്കുറിച്ചും മനുഷ്യാത്മാവിന്റെ യാഥാർഥ്യത്തെക്കുറി ച്ചുമുള്ള അറിവിൽ വേരൂന്നിയ ഒരു ധാർമിക ക്രമം.**

ത്യം (Western liberal democracy) മനുഷ്യന്റെ പ്രത്യയശാസ്ത്ര പരിണാമത്തിന്റെ അവസാന ഘട്ടത്തെയും എല്ലാ സമൂഹങ്ങളും ആത്യന്തികമായി നീങ്ങുന്ന അന്തിമബിന്ദുവിനെയും പ്രതിനിധീ കരിക്കുന്നുവെന്ന് വാദിച്ച ഫ്രാൻസിസ് ഫുകുയാമ ഈ ആശയം വ്യക്തമാക്കുന്നു.[21] പാശ്ചാത്യേതര സമൂഹങ്ങൾ പുരോഗതിയുടെ കാര്യത്തിൽ പിന്നിലാണെന്ന് മനസ്സിലാക്കപ്പെട്ടു.[22] യൂറോപ്യൻ ഇതര ധാർമിക വ്യവസ്ഥകളെ പുരോഗതിക്ക് തടസ്സങ്ങളായി ചിത്രീകരിക്കുന്നതിനെയാണ് ലിബറൽ സാർവത്രികത (liberal universalism) ആശ്രയിച്ചിരുന്നത്.[23] പ്രത്യേകിച്ച് ഇസ്‌ലാമിക നിയമം സ്വേച്ഛാധിപത്യത്തിന്റെ കാരിക്കേച്ചറുകളായി ചുരുങ്ങി. ലിബറലിസം ഇസ്‌ലാമിന്റെ യഥാർഥ പാരമ്പര്യങ്ങളെക്കാൾ ഇസ്‌ലാമിന്റെ വികലമായ പ്രതിച്ഛായയെ നിർവചിക്കാൻ തുടങ്ങി.

സോഷ്യലിസവും മാർക്സിസവും മുതലാളിത്തത്തെയും സാമ്രാജ്യത്വ ചൂഷണത്തെയും വിമർശിച്ചിട്ടുണ്ടെങ്കിലും അവയും ഓറിയന്റലിസ്റ്റ് അനുമാനങ്ങളെ ശരിവെക്കുന്നതായി കാണാം. ഫ്യൂഡലിസത്തിൽനിന്ന് മുതലാളിത്തത്തിലേക്കും സോഷ്യലിസത്തിലേക്കും ഘട്ടങ്ങളിലൂടെ സഞ്ചരിക്കുന്നതായി കാൾ മാർക്സ് ചരിത്രത്തെ വീക്ഷിച്ചു.ഈ യൂറോപ്യൻ പാതയുമായി പൊരുത്ത പ്പെടാത്ത സമൂഹങ്ങളെ നിശ്ചലമോ പിന്നോക്കമോ ആയി മുദ്രകുത്തി.[24] ഇന്ത്യയെക്കുറിച്ചുള്ള മാർക്സിന്റെ രചനകൾ, യൂറോപ്യൻ ഇതര സമൂഹങ്ങളെ പുരോഗതിയിലേക്ക് നയിക്കുന്നതിന് കൊളോണിയൽ ഭരണംഎങ്ങനെ ആവശ്യമാകുന്നു എന്ന് വിശദീകരിക്കുന്നു.[25] ഇസ്‌ലാമിക നാഗരികതകൾക്ക് അവരുടെതായ യോജിച്ച ചരിത്രപരവും ധാർമികവുമായ യുക്തിയുണ്ടെന്ന് അംഗീകരിക്കുന്നതിൽ ഈ ചട്ടക്കൂട് പരാജയപ്പെട്ടു.

നവലിബറലിസം ഓറിയന്റലിസത്തെ കൂടുതൽ സാങ്കേതികവും അരാഷ്ട്രീയവുമായ രൂപത്തിൽ പാരമ്പര്യമായി സ്വീകരിച്ചു. പ്രത്യക്ഷമായ നാഗരിക വിധിന്യായത്തിനുപകരം, അത് മുസ്‌ലിം- കൊളോണിയലാനന്തര സമൂഹങ്ങളെ സാമ്പത്തിക കേസ് പഠനങ്ങളിലേക്ക് ചുരുക്കി. ഘടനാപരമായ ക്രമീകരണം, സ്വകാര്യവൽക്കരണം, വിപണി ഉദാരവൽക്കരണം എന്നിവ നിഷ്പക്ഷ പരിഷ്കാരങ്ങളായി അടിച്ചേൽപിച്ചു. ഇസ്‌ലാമിക സമൂഹങ്ങളുടെ സാംസ്കാരികവും ധാർമികവുമായ മാനങ്ങളെ കാര്യക്ഷമതയില്ലായ്മകളായി തള്ളിക്കളഞ്ഞു.[26]

സമ്പൂർണ ലോകവീക്ഷണമെന്ന നിലയിൽ ഇസ്‌ലാമിന്റെ അംഗീകാരത്തെ നിഷേധിക്കുകയും പകരം കൈകാര്യം ചെയ്യേണ്ട ഒരു സാംസ്കാരിക പ്രശ്നമായി അതിനെ കണക്കാക്കുകയും ചെയ്യുന്നു. ദൈവിക മാർഗനിർദേശത്തിൽനിന്ന് ധാർമികത, നിയമം, അർഥം എന്നിവ വേർപെടുത്തി മതേതര പ്രത്യയശാസ്ത്രങ്ങൾ അറിവിനെ വിഭജിക്കുന്നു.[27] പാശ്ചാത്യ സിദ്ധാന്തങ്ങളാൽ പരിഷ്കരണം കാത്തിരിക്കുന്ന ഒരു ഭാഗിക പാരമ്പര്യമല്ല ഇസ്‌ലാം. ഇത് സമഗ്രമായ ഒരു ധാർമിക, നിയമ, നാഗരിക വ്യവസ്ഥയാണ്.

### ഇസ്‌ലാം വിശുദ്ധിയിലേക്കും സമാധാനത്തിലേക്കും നയിക്കുന്നു

ഓറിയന്റലിസത്തിന്റെ പങ്ക് തിരിച്ചറിയുമ്പോൾ, ലിബറലിസം, സോഷ്യലിസം, നവലിബറലിസം എന്നിവ മുസ്‌ലം സമൂഹങ്ങളിൽ പ്രയോഗിക്കുമ്പോൾ ആവർത്തിച്ച് പരാജയപ്പെടുന്നത് എന്തുകൊ ണ്ടാണെന്ന് വ്യക്തമാകുന്നു. ഈ പ്രത്യയശാസ്ത്രങ്ങൾ നിഷ്പക്ഷ ഉപകരണങ്ങള

ല്ല, മറിച്ച് അധി കാരത്തിന്റെയും ചരിത്രത്തിന്റെയും വികലമായ പ്രതിനിധാനങ്ങളുടെയും ഉൽപന്നങ്ങളാണ്. ധാർമിക അധികാരം ചരിത്രപരമായ ആധിപത്യത്തിൽനിന്ന് വരുന്നു എന്ന ആശയം നിരസിച്ചുകൊണ്ട് ഇസ്‌ലാം അവരുടെ അനുമാനങ്ങളെ വെല്ലുവിളിക്കുന്നു. മനുഷ്യചിന്തയുടെ ബൗദ്ധിക രീതികളിൽനിന്നല്ല, അല്ലാഹുവിൽനിന്നാണ് മാർഗനിർദേശം വരുന്നത്.

ആധുനിക ലോകം തളർന്നുപോയിരിക്കുന്നു. ലിബറലിസം സ്വാതന്ത്ര്യം വാഗ്ദാനം ചെയ്തു; പക്ഷേ, ശൂന്യത നൽകി. നവലിബറലിസം അഭിവൃദ്ധി വാഗ്ദാനം ചെയ്തു; പക്ഷേ, ചൂഷണം സാധാരണമാക്കി. സോഷ്യലിസം നീതി വാഗ്ദാനം ചെയ്തു; പക്ഷേ, ബലപ്രയോഗം സൃഷ്ടിച്ചു. ഇസ്‌ലാം ആർക്കും നൽകാൻ കഴിയാത്തത് വാഗ്ദാനം ചെയ്യുന്നു. സ്രഷ്ടാവിനെക്കുറിച്ചും മനുഷ്യാത്മാവിന്റെ യാഥാർഥ്യത്തെക്കുറി ച്ചുമുള്ള അറിവിൽ വേരൂന്നിയ ഒരു ധാർമിക ക്രമം.

“അല്ലാഹു സമാധാനത്തിന്റെ ഭവനത്തിലേക്ക് ക്ഷണിക്കുകയും താൻ ഉദ്ദേശിക്കുന്നവരെ നേരായ പാതയിലേക്ക് നയിക്കുകയും ചെയ്യുന്നു” (ഖുർആൻ 10:25).

ഇതാണ് അന്തിമ വ്യത്യാസം. ഇസ്‌ലാം സമൂഹത്തെ സംസ്കരിക്കുന്നു. സത്യത്തിൽ ജീവിതത്തെ ഉറപ്പിച്ചുകൊണ്ട് അത് മനുഷ്യരാശിയെ ആന്തരികമായും ബാഹ്യമായും വിശുദ്ധിയിലേക്കും സമാധാനത്തിലേക്കും നയിക്കുന്നു.



*References:*


1. Black Mass: Apocalyptic Religion and the Death of Utopia by John Gray (2007)
2. The Unintended Reformation: How a Religious Revolution Secularized Society (2012) by Brad S. Gregory
3. The Enlightenment: An Interpretation (1966) by Peter Gay
4. Two Treatise of Goverment (1689) by John Locke
5. Sources of the Self (1989) by Charles Taylor
6. The Wealth of Nations (1776) by Adam Smith
7. The Great Transformation (1944) by Karl Polanyi.
8. Capitalism and Freedom (1962) by Milton Freidman
9. The Condition of the Working Class in England (1845) by Friedrich Engels
10. The Road to Serfdom (1944) by Friedrich Hayek
11. A Brief History of Neoliberalism (2005) by David Harvey
12. Confessions of an Economic Hit Man (2004) by John Perkins
13. Émile Durkheim introduced the term moral anomie (a state of normlenssess and breakdown of social standards) in his book The Division of Labor in Society (1893)
14. Liquid Modernity (2000) by Zygmunt Bauman
15. The Communist Manifesto (1848) by Friedrich Engels and Karl Marx
16. Das Capital (1848) by Karl Marx
17. A Brief History of Neoliberalism (2005) by David Harvey
18. The Open Society and Its Enemies (1945) by Karl Popper
19. Maqasid Al-shariah as Philosophy of Islamic Law: A Systems Approach (2008) by Jasser Auda
20. Orientalism (1978) by Edward Said
21. The End of History and the Last Man (1992) by Francis Fukuyama
22. Civilization and Its Discontents (1930) by Sigmund Frued
23. The Darker Side of Western Modernity (2011) by Walter Mignolo
24. Eurocentrism (1989) by Samir Amin
25. Marx at the Margins (2010) by Kevin Anderson
26. Globalization and Its Discontents (2002) by Joseph Stiglitz
27. Islam and Secularism (1978) by Syed Muhammad Naquib al Attas



# മതനിഷേധം വരുന്ന വഴികൾ

ഡോ. അബ്ദുല്ല ബാസിൽ
: 87141 74330

**ശാസ്ത്രത്തെ വളർത്തിയത് വിശ്വാസികളാണ്. ഇസ്‌ലാമിക സുവർണ കാലഘട്ടത്തിലെ ഇബ്‌നു ഹൈത്തമിനെപ്പോലെയുള്ള പണ്ഡിതന്മാർ ശാസ്ത്രത്തെ വളർത്തിയത് പ്രപഞ്ചപഠനത്തിലൂടെ സ്രഷ്ടാവിന്റെ ഔന്നത്യം മനസ്സിലാക്കാൻ സാധിക്കുമെന്ന വിശ്വാസത്തോടെയാണ്. എന്നാൽ നിരീശ്വരവാദത്തിന്റെ മുൻഗാമികൾ ശാസ്ത്രത്തോടും ചിന്തയോടും പുറംതിരിഞ്ഞു നിന്നവരായിരുന്നു.**

മതനിഷേധം അല്ലെങ്കിൽ യുക്തിവാദം എന്നത് ശാസ്ത്രീയാടിത്തറയുള്ള ഒരു ചിന്താധാരയാണെന്നാണ് പലരും കരുതുന്നത്. എന്നാൽ, നിഷ്പക്ഷമായി പരിശോധിച്ചാൽ ലോകത്തിലെ ഏറ്റവും വലിയ അന്ധവിശ്വാസമാണ് നിരീശ്വരവാദം എന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും. ഈ പ്രപഞ്ചവും അതിലെ അത്ഭുതകരമായ വ്യവസ്ഥിതിയും യാദൃച്ഛികമായി ഉണ്ടായതാണെന്ന് വിശ്വസിക്കുന്നത് യുക്തിരഹിതമല്ലേ?

### സൃഷ്ടിപ്പിലെ യുക്തിയും നിരീശ്വരവാദത്തിന്റെ പൊള്ളത്തരവും

ഒരു ഷർട്ടിന്റെ ബട്ടൺ തനിയെ ഉണ്ടായതാണെന്ന് ആരെങ്കിലും പറഞ്ഞാൽ നാം അവരെ ഭ്രാന്താലയത്തിൽ അയക്കാൻ നിർദേശിക്കും. കാരണം, ഒരു ബട്ടണിന് പിന്നിൽ പോലും ഒരു ഡിസൈനും ഉദ്ദേശ്യവുമുണ്ട്. ലളിതമായ ഒരു മൊട്ടുസൂചി

പോലും തനിയെ ഉണ്ടാകില്ല എന്നിരിക്കെ, ശാസ്ത്രത്തിന് പോലും അളക്കാൻ കഴിയാത്ത ഇത്രയും വലിയ പ്രപഞ്ചം യാദൃച്ഛികമായി ഉണ്ടായതാണെന്ന് പറയുന്നത് എത്ര വലിയ യുക്തിരഹിതമാണ്! ഒരു സ്ഫോടനത്തിലൂടെ യാദൃച്ഛികമായി ഇത്രയും വ്യവസ്ഥാപിതമായ ഒരു ലോകം രൂപപ്പെട്ടു എന്ന് വിശ്വസിക്കുന്നത് യുക്തിക്ക് നിരക്കാത്ത കാര്യമാണ്.

നമ്മുടെ ശരീരത്തിലെ ഓരോ കോശത്തെയും എടുത്താൽ, 16 നിലകളുള്ള ഒരു ലൈബ്രറിയിലെ പുസ്തകങ്ങളിൽ അടങ്ങിയിരിക്കുന്നതിനെക്കാൾ കൂടുതൽ വിവരങ്ങൾ (Information) ഒരു ഡിഎൻഎയിൽ അടങ്ങിയിരിക്കുന്നു. ഒരു വരി വിജ്ഞാനം പോലും ഒരാൾ എഴുതാതെ യാദൃച്ഛികമായി ഉണ്ടാവുകയില്ല എന്നത് സാമാന്യ യുക്തിയായിരിക്കെ, ട്രില്യൺ കണക്കിന് കോശങ്ങൾ ചേർന്ന മനുഷ്യശരീരം തനിയെ ഉണ്ടായതാണെന്ന് വിശ്വസിക്കാൻ വലിയ അന്ധവിശ്വാസിയായിരിക്കണം. ലാപ്ടോപ്പിലൂടെ ഒരു പൂച്ച ഓടിപ്പോയാൽ ഒരു വരി അർഥവത്തായ വിജ്ഞാനം ടൈപ്പ് ചെയ്യപ്പെടും എന്ന് നാം വിശ്വസിക്കില്ലല്ലോ? അങ്ങനെയെങ്കിൽ പ്രപഞ്ചത്തിലെ ഇത്രയും വലിയ വിജ്ഞാനശേഖരം എങ്ങനെ സ്രഷ്ടാവില്ലാതെ ഉണ്ടാകും?

### ശാസ്ത്രവും ദൈവവിശ്വാസവും

പലരും ശാസ്ത്രത്തെ ദൈവനിഷേധത്തിനുള്ള ആയുധമായി കാണുന്നു. എന്നാൽ ശാസ്ത്രം എന്നത് ഭൗതിക പ്രപഞ്ചത്തെ കുറിച്ചുള്ള പഠനമാണ്. ഭൗതിക പദാർഥങ്ങളെ പഠിക്കാനുള്ള ടൂളുകൾ (ടെലസ്കോപ്പ്, മൈക്രോസ്കോപ്പ് തുടങ്ങിയവ) ഉപയോഗിച്ച് പ്രപഞ്ചത്തിന് അതീതനായ സ്രഷ്ടാവിനെ കണ്ടെത്താൻ ശ്രമിക്കുന്നത് തന്നെ അടിസ്ഥാനപരമായി യുക്തിയില്ലാത്ത കാര്യമാണ്. സ്രഷ്ടാവ് ഈ പ്രപഞ്ചത്തിന് അതീതനാണ്, അതിനാൽ പ്രപഞ്ചത്തിനകത്തെ വസ്തുക്കളെ പഠിക്കുന്ന ശാസ്ത്രത്തിന് സ്രഷ്ടാവിനെ നേരിട്ട് തെളിയിക്കാൻ കഴിയില്ല എന്നത് അതിന്റെ പരിമിതിയാണ്, സ്രഷ്ടാവില്ല എന്നതിന് തെളിവല്ല.

**പലരും ശാസ്ത്രത്തെ ദൈവനിഷേധത്തിനുള്ള ആയുധമായി കാണുന്നു. എന്നാൽ ശാസ്ത്രം എന്നത് ഭൗതിക പ്രപഞ്ചത്തെ കുറിച്ചുള്ള പഠനമാണ്. ഭൗതിക പദാർഥങ്ങളെ പഠിക്കാനുള്ള ടൂളുകൾ (ടെലസ്കോപ്പ്, മൈക്രോസ്കോപ്പ് തുടങ്ങിയവ) ഉപയോഗിച്ച് പ്രപഞ്ചത്തിന് അതീതനായ സ്രഷ്ടാവിനെ കണ്ടെത്താൻ ശ്രമിക്കുന്നത് തന്നെ അടിസ്ഥാനപരമായി യുക്തിയില്ലാത്ത കാര്യമാണ്. സ്രഷ്ടാവ് ഈ പ്രപഞ്ചത്തിന് അതീതനാണ്, അതിനാൽ പ്രപഞ്ചത്തിനകത്തെ വസ്തുക്കളെ പഠിക്കുന്ന ശാസ്ത്രത്തിന് സ്രഷ്ടാവിനെ നേരിട്ട് തെളിയിക്കാൻ കഴിയില്ല എന്നത് അതിന്റെ പരിമിതിയാണ്, സ്രഷ്ടാവില്ല എന്നതിന് തെളിവല്ല.**

യഥാർഥത്തിൽ, ശാസ്ത്രത്തെ വളർത്തിയത് വിശ്വാസികളാണ്. ഇസ്ലാമിക സുവർണ കാലഘട്ടത്തിലെ ഇബ്നു ഹൈത്തമിനെപ്പോലെയുള്ള പണ്ഡിതന്മാർ ശാസ്ത്രത്തെ വളർത്തിയത് പ്രപഞ്ചപഠനത്തിലൂടെ സ്രഷ്ടാവിന്റെ ഔന്നത്യം മനസ്സിലാക്കാൻ സാധിക്കുമെന്ന വിശ്വാസത്തോടെയാണ്. എന്നാൽ നിരീശ്വരവാദത്തിന്റെ മുൻഗാമികൾ ശാസ്ത്രത്തോടും ചിന്തയോടും പുറംതിരിഞ്ഞു നിന്നവരായിരുന്നു. മനുഷ്യന്റെ ശുദ്ധപ്രകൃതിയിൽനിന്നുള്ള 'ദൈവം ഇല്ലെങ്കിൽ ഇതൊക്കെ എങ്ങനെ ഉണ്ടായി' എന്ന ചോദ്യത്തിന് ഉത്തരം നൽകാൻ നിരീശ്വരവാദത്തിന് സാധിക്കാത്തതുകൊണ്ടാണ് എല്ലാ കാലത്തും അത് സമൂഹത്തിൽ ഒരു ചെറിയ വിഭാഗത്തിൽ മാത്രം ഒതുങ്ങിപ്പോകുന്നത്.

### ലിബറലിസം: മതത്തെ തകർക്കാൻ പുതിയ തന്ത്രം

നേരിട്ടുള്ള നിരീശ്വരവാദത്തെക്കാൾ ഇന്ന് അപകടകരമായി മാറിക്കൊണ്ടിരിക്കുന്നത് ലിബറലിസമാണ്. മതത്തെ യുക്തിപരമായി നേരിടാൻ കഴിയില്ലെന്ന് ബോധ്യപ്പെട്ടവർ, മതത്തിന്റെ സാമൂഹിക വേരുകൾ തകർക്കുക എന്ന തന്ത്രമാണ് സ്വീകരിക്കുന്നത്. 'മതത്തിന്റെ

**ലോകമെമ്പാടും ഇസ്‌ലാം ഭീതി (Islamophobia) പരത്താൻ ശ്രമങ്ങൾ നടക്കുന്നുണ്ടെങ്കിലും, ഏറ്റവും വേഗത്തിൽ വളരുന്ന മതം ഇസ്‌ലാമാണ്. ഗാസയിലെ ജനങ്ങൾ നേരിടുന്ന ക്രൂരതകൾക്കിടയിലും അവർ കാണിക്കുന്ന വിശ്വാസദാർഢ്യം ലോകത്തെ അത്ഭുതപ്പെടുത്തുകയും കൂടുതൽ ആളുകളെ ഇസ്‌ലാമിലേക്ക് ആകർഷിക്കുകയും ചെയ്യുന്നു.**

**അതുകൊണ്ട്, കാലഘട്ടത്തിന്റെ വെല്ലുവിളികളെ അതിജീവിക്കാൻ സ്രഷ്ടാവിൽനിന്നുള്ള മാർഗദർശനം പൂർണമായി ഉൾക്കൊള്ളുക എന്നതാണ് ഏക പോംവഴി.**

സാമൂഹിക വേരുകൾ തകർത്തെറിയുക എന്നതായിരിക്കണം നമ്മുടെ പ്രവർത്തനത്തിന്റെ ഉദ്ദേശ്യം' എന്ന് ഇ.എം.എസ് നമ്പൂതിരിപ്പാട് തന്റെ പുസ്തകത്തിൽ വ്യക്തമാക്കുന്നുണ്ട്. നേരിട്ട്, ദൈവമില്ല എന്ന് പറയുന്നതിനെക്കാൾ, മതപരമായ മൂല്യങ്ങളെ അപ്രസക്തമാക്കുന്ന സാമൂഹികാന്തരീക്ഷം സൃഷ്ടിക്കുക എന്നതാണ് ഇവരുടെ രീതി.

ലിബറലിസം മനുഷ്യനെ സ്വാധീനിക്കുന്നത് പ്രധാനമായും മൂന്ന് വഴികളിലൂടെയാണ്:

1. *തിന്മകളുടെ സ്വാഭാവികവൽക്കരണം (Normalization):* മതം തിന്മയായി കണ്ട കാര്യങ്ങളെ (ഉദാഹരണത്തിന് പലിശ, വിവാഹേതര ബന്ധങ്ങൾ) 'ഇന്നത്തെ കാലത്ത് ഇതൊക്കെ സാധാരണമാണ്' എന്ന് പറഞ്ഞ് ലഘൂകരിക്കുന്നു. പലിശ വലിയ തിന്മയാണെന്ന് പഠിക്കുമ്പോഴും 'അതില്ലാതെ ഇന്ന് ജീവിക്കാൻ പറ്റുമോ' എന്ന ചോദ്യത്തിലൂടെ ആ തിന്മയെ നാം സ്വീകരിക്കുന്നു.

2. *വ്യക്തിസ്വാതന്ത്ര്യത്തിന്റെ അതിപ്രസരം:* 'മൈ ലൈഫ് മൈ റൂൾസ്,' 'മൈ ബോഡി മൈ ചോയ്സ്' തുടങ്ങിയ മുദ്രാവാക്യങ്ങളിലൂടെ സദാചാര മൂല്യങ്ങളെ തകർക്കാൻ ഇവർ ശ്രമിക്കുന്നു. മറ്റൊരാളെ ഉപദ്രവിക്കാത്ത കാലത്തോളം എന്ത് തിന്മയും ചെയ്യാം എന്ന ചിന്താഗതിയാണ് ഇവർ വളർത്തുന്നത്.

3. *സാംസ്കാരിക തകർച്ച:* സിനിമകളിലൂടെയും സോഷ്യൽ മീഡിയയിലൂടെയും ലഹരിയെയും വഴിവിട്ട ബന്ധങ്ങളെയും ഹീറോയിസമായി അവതരിപ്പിക്കുന്നു. മുമ്പ് തെറ്റായി കണ്ടിരുന്ന കാര്യങ്ങളെ ഇന്ന് 'അവകാശങ്ങൾ' എന്ന പേരിൽ ആഘോഷിക്കുന്നു. കേരളത്തിലെ ക്യാമ്പസുകളിൽ പോലും 'പോൺ ഡേ,' 'മാസ്റ്റർബേഷൻ ഡേ' തുടങ്ങിയവ ആഘോഷിക്കപ്പെടുന്നത് ഈ ചിന്താഗതിയുടെ ഫലമാണ്.

**സാമൂഹിക ആഘാതങ്ങൾ: കേരളത്തിന്റെ അവസ്ഥ**

ഭൗതിക പുരോഗതിയിൽ കേരളം മുന്നിലാണെങ്കിലും ധാർമികമായി നാം വലിയ തകർച്ച നേരിടുന്നുണ്ട്. ലിബറൽ ചിന്താഗതികൾ സമൂഹത്തിൽ ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ ഭീകരമാണ്:

- *കുടുംബവ്യവസ്ഥയുടെ തകർച്ച:* വിവാഹമോചനങ്ങൾ 40% വർധിച്ചു. വിവാഹം എന്നത് ഒരു പിടിച്ചുകെട്ടലാണെന്നും അത് ആസ്വാദനങ്ങളെ തടയുമെന്നുമുള്ള തെറ്റായ പ്രചാരണം ശക്തമാണ്. ഇതിന്റെ ഫലമായി 'ലിവിങ് ടുഗദർ' (Living Together) പോലുള്ള രീതികൾ വർധിക്കുന്നു. എന്നാൽ പഠനങ്ങൾ സൂചിപ്പിക്കുന്നത് വിവാഹജീവിതം നയിക്കുന്നവരാണ് ലിവിങ് ടുഗദറിൽ കഴിയുന്നവരെക്കാൾ കൂടുതൽ സന്തോഷവാന്മാരും സുരക്ഷിതരുമെന്നാണ്. ശാരീരിക പീഡനങ്ങളും വിഷാദവും ലിവിങ് ടുഗദർ ബന്ധങ്ങളിലാണ് കൂടുതൽ കണ്ടുവരുന്നത്.
- *ലഹരിയും അശ്ലീലതയും:* ലഹരിമരുന്ന് കേസുകൾ കേരളത്തിൽ ഭയാനകമാംവിധം വർധിച്ചു. ചെറിയ കുട്ടികൾ പോലും ലഹരിക്ക് അടിമകളാകുന്നു. സിനിമകളിൽ നായകൻ ലഹരി ഉപയോഗിക്കുന്നത് കാണുമ്പോൾ അത് ഹീറോയിസമായി യുവതലമുറ ഏറ്റെടുക്കുന്നു.

- *മറ്റ് സാമൂഹിക പ്രശ്നങ്ങൾ:* ഗർഭഛിദ്രം 76% വർധിച്ചു. സ്വന്തം ചോരയിലുള്ളവരെപ്പോലും കൊന്നൊടുക്കുന്ന ക്രിമിനൽ സ്വഭാവം കൂടുന്നു. ആത്മഹത്യകൾ വർധിക്കുന്നത് സമൂഹത്തിന്റെ മാനസികാരോഗ്യം തകരുന്നതിന്റെ തെളിവാണ്.

**ആഗോള തലത്തിലെ തിരിച്ചറിവുകൾ**

കുടുംബബന്ധങ്ങൾ തകർന്നതിന്റെ പ്രത്യാഘാതങ്ങൾ ജപ്പാൻ, ചൈന, റഷ്യ തുടങ്ങിയ രാജ്യങ്ങൾ അനുഭവിച്ചുതുടങ്ങിയിട്ടുണ്ട്. ജനസംഖ്യാ തകർച്ച ഭയന്ന് ജപ്പാൻ പ്രധാനമന്ത്രി വികാരാധീനനായി ജനങ്ങളോട് കുടുംബത്തിന് പ്രാധാന്യം നൽകാൻ അഭ്യർഥിച്ചു. ഈ രാജ്യങ്ങൾ ഇപ്പോൾ കുടുംബബന്ധങ്ങൾ സുഭദ്രമാക്കാൻ പ്രത്യേക മന്ത്രാലയങ്ങൾ തന്നെ രൂപീകരിക്കുന്നു. പാശ്ചാത്യ ഫെമിനിസ്റ്റ് ചിന്തകയായ ബെറ്റി ഫ്രീഡൻ പോലും തന്റെ പിൽക്കാല പുസ്തകമായ 'ദ സെക്കൻഡ് സ്റ്റേജ്'ൽ, കരിയറിന് വേണ്ടി കുടുംബം ഉപേക്ഷിച്ച സ്ത്രീകളുടെ ദുരവസ്ഥയെക്കുറിച്ചും താൻ നേരത്തെ എടുത്ത നിലപാടിലെ പിഴവിനെക്കുറിച്ചും എഴുതിയിട്ടുണ്ട്.

**ഇസ്‌ലാമിന്റെ പ്രസക്തിയും പരിഹാരവും**

മനുഷ്യന്റെ പരിമിതമായ യുക്തികൊണ്ട് ശരിയും തെറ്റും തീരുമാനിക്കുമ്പോഴാണ് പലപ്പോഴും അബദ്ധങ്ങൾ സംഭവിക്കുന്നത്. ഒരു പ്രവൃത്തിയുടെ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ മനസ്സിലാക്കാൻ മനുഷ്യന് കഴിയില്ല. എന്നാൽ സ്രഷ്ടാവായ അല്ലാഹു നിശ്ചയിച്ച പരിധികൾ മനുഷ്യന്റെ നന്മയ്ക്ക് വേണ്ടിയുള്ളതാണ്.



ഇസ്‌ലാം സ്ത്രീക്ക് നൽകുന്ന സാമ്പത്തിക സ്വാതന്ത്ര്യം ഇതിനൊരു ഉദാഹരണമാണ്. പുരുഷനാണ് കുടുംബത്തിന്റെ സാമ്പത്തിക ഉത്തരവാദിത്തം, സ്ത്രീക്ക് ലഭിക്കുന്ന വരുമാനം അവളുടെത് മാത്രമാണ്. ഇത് സ്ത്രീക്ക് യഥാർഥ സാമ്പത്തിക സുരക്ഷ (Financial Freedom) നൽകുന്നു. സ്വർവർഗരതി (Homosexuality) പോലുള്ള പ്രവൃത്തികൾ ആഗോള ആരോഗ്യ അടിയന്തിരാവസ്ഥ (World Health Emergency) പ്രഖ്യാപിക്കാൻ മാത്രം വലിയ ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകുന്നു എന്ന് ഡബ്ല്യു.എച്ച്.ഒ പോലും പറയുമ്പോൾ, ഇസ്‌ലാം അത്തരം തിന്മകൾക്കെതിരെ നൽകുന്ന മുന്നറിയിപ്പ് എത്രമാത്രം പ്രസക്തമാണെന്ന് വ്യക്തമാകുന്നു.

ലോകമെമ്പാടും ഇസ്‌ലാം ഭീതി (Islamophobia) പരത്താൻ ശ്രമങ്ങൾ നടക്കുന്നുണ്ടെങ്കിലും, ഏറ്റവും വേഗത്തിൽ വളരുന്ന മതം ഇസ്‌ലാമാണ്. ഗാസയിലെ ജനങ്ങൾ നേരിടുന്ന ക്രൂരതകൾക്കിടയിലും അവർ കാണിക്കുന്ന വിശ്വാസദാർഢ്യം ലോകത്തെ അത്ഭുതപ്പെടുത്തുകയും കൂടുതൽ ആളുകളെ ഇസ്‌ലാമിലേക്ക് ആകർഷിക്കുകയും ചെയ്യുന്നു.

അതുകൊണ്ട്, കാലഘട്ടത്തിന്റെ വെല്ലുവിളികളെ അതിജീവിക്കാൻ സ്രഷ്ടാവിൽനിന്നുള്ള മാർഗദർശനം പൂർണമായി ഉൾക്കൊള്ളുക എന്നതാണ് ഏക പോംവഴി. എല്ലാം അറിയുന്ന അല്ലാഹുവിന്റെ കൽപനകൾ അനുസരിക്കുകയാണ് യഥാർഥ യുക്തി. ■



ക്വുർആനിലെ സാർവലൗകിക വിളികൾ 7

# അന്ത്യദിനത്തിന്റെ ഭയാനകത

ഇഅ്ജാസ് ബിൻ ഇസ്മാഈൽ, മസ്കത്ത്
: 00968-98242217

മനുഷ്യൻ ഏറ്റവും കൂടുതൽ ഭയപ്പെടുന്ന കാര്യങ്ങളിൽ ഒന്ന് പ്രകൃതി ദുരന്തങ്ങളാണ്. ഒരു ചെറിയ ഭൂകമ്പമുണ്ടായാൽ പോലും മനുഷ്യൻ വിറച്ചുപോകുന്നു. കൊടുങ്കാറ്റിനെയും ഉരുൾപൊട്ടലിനെയും ഭയക്കുന്നു. എന്നാൽ, സങ്കൽപ്പിക്കാവുന്നതിലും അപ്പുറമുള്ള, പ്രപഞ്ചം മുഴുവൻ പിടിച്ചു കുലുക്കപ്പെടുന്ന ഒരു ദിവസത്തെക്കുറിച്ചുള്ള അതിഗൗരവമേറിയ മുന്നറിയിപ്പ് അല്ലാഹു നൽകുന്നുണ്ട്.

ക്വുർആൻ 22:1ൽ അല്ലാഹു പറയുന്നു:

يَا أَيُّهَا النَّاسُ اتَّقُوا رَبَّكُمْ ۚ إِنَّ زَلْزَلَةَ السَّاعَةِ شَيْءٌ عَظِيمٌ

“മനുഷ്യരേ, നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനെ സൂക്ഷിക്കുക, തീർച്ചയായും ആ അന്ത്യസമയത്തെ പ്രകമ്പനം ഭയങ്കരമായ ഒരു കാര്യം തന്നെയാകുന്നു.”

മനുഷ്യൻ പലപ്പോഴും അലസനാണ്. ‘നാളെയാകട്ടെ,’ ‘പിന്നീട് നന്നാകാം’ എന്നു ചിന്തിച്ച് അവൻ ജീവിതം പാഴാക്കുന്നു. അവനെ പിടിച്ചു കുലുക്കിയുണർത്തുന്ന വിളിയാണിത്. ‘ഇത്തകൂറബ്ബകും’ (നിങ്ങളുടെ രക്ഷിതാവിനെ നിങ്ങൾ സൂക്ഷിക്കുക) എന്ന കൽപനയിലൂടെ, വരാനിരിക്കുന്ന വിപത്തിൽ നിന്ന് രക്ഷപ്പെടാനുള്ള ഒരേയൊരു കവചം ദൈവഭക്തി (തക്വ്‌വ) മാത്രമാ

ണെന്ന് അല്ലാഹു പഠിപ്പിക്കുന്നു. പണമോ സ്വാധീനമോ കൊട്ടാരങ്ങളോ അന്ന് നമുക്ക് സംരക്ഷണം നൽകില്ല.

ജീവിതത്തിന്റെ തിരക്കുകൾക്കിടയിൽ പലപ്പോഴും നാം മറന്നുപോകുന്ന, എന്നാൽ വരാനിരിക്കുന്ന ഏറ്റവും വലിയ സത്യമാണ് 'അന്ത്യദിനം.' നാം നിവസിക്കുന്ന ഈ ഭൂമി എക്കാലത്തും ഇങ്ങനെത്തന്നെ ഉണ്ടാകുമെന്നാണ് പലരും കരുതുന്നത്. എന്നാൽ, ഈ പ്രപഞ്ച സംവിധാനമാകെ തകിടം മറിയുന്ന, ഗർഭിണികൾ ഭയത്താൽ പ്രസവിച്ചുപോകുന്ന, കുട്ടികൾ നരച്ചുപോകുന്നത്ര ഭീകരമായ ഒരു ദിവസത്തെക്കുറിച്ച് അല്ലാഹു തന്റെ ദാസന്മാർക്ക് നൽകുന്ന ജാഗ്രതാ നിർദേശമാണിത്.

ഇത് വെറുമൊരു ഓർമപ്പെടുത്തലല്ല, മനുഷ്യനെ ഉണർത്തി നിർത്തുന്ന ഒരു മുന്നറിയിപ്പാണ്. അത് ഒരു സാധാരണ ഭൂകമ്പമല്ല; ലോകം മുഴുവൻ കുലുങ്ങിപ്പോകുന്ന, എല്ലാം തകിടം മറിയുന്ന ഒരു ഭയങ്കര സംഭവം. അതിന്റെ ഭീകരത തൊട്ടടുത്ത വചനത്തിലൂടെ മനസ്സിലാക്കിത്തരുന്നു. അത് ഒരു ദൃശ്യചിത്രം നമ്മുടെ കണ്മുന്നിൽ തീർക്കുന്നു:

"നിങ്ങൾ അത് കാണുന്ന ദിവസം! ഏതൊരു മുലകൊടുക്കുന്ന മാതാവും താൻ മുലയൂട്ടുന്ന കുഞ്ഞിനെപ്പറ്റി അശ്രദ്ധയിലായിപ്പോകും. ഗർഭവതിയായ ഏതൊരു സ്ത്രീയും തന്റെ ഗർഭത്തിലുള്ളത് പ്രസവിച്ചു പോകുകയും ചെയ്യും. ജനങ്ങളെ മത്തുപിടിച്ചവരായി നിനക്ക് കാണുകയും ചെയ്യാം. (യഥാർഥത്തിൽ) അവർ ലഹരി ബാധിച്ചവരല്ല. പക്ഷേ, അല്ലാഹുവിന്റെ ശിക്ഷ കഠിനമാകുന്നു"(22:2).

ചിന്തിച്ചുനോക്കൂ! ഒരു മാതാവും തന്റെ കുഞ്ഞിനെ മറന്നുപോകാത്ത സമയമാണ് മുലയൂട്ടൽ. അത്രയ്ക്ക് ആഴമേറിയ സ്നേഹം പോലും മറന്നുപോകുന്ന ഒരു ദിവസം! ഗർഭിണികൾ ഭയത്താൽ പ്രസവിച്ചുപോകും. മനുഷ്യർ തലകറങ്ങി നടക്കുന്ന മത്തന്മാരെപ്പോലെ ആയിരിക്കും, എന്നാൽ മദ്യം കുടിച്ചിട്ടല്ല അത്, അന്ത്യനാളിന്റെ ഭീകരത കണ്ട് സംഭവിക്കുന്നതാണത്!

ഈ വചനങ്ങൾ വിശ്വാസികളെ ഭയപ്പെടുത്തുകയും ചിന്തിപ്പിക്കുകയും ചെയ്യുന്നതാണ്. ഭയഭക്തി യില്ലാതെ ജീവിക്കുന്നവർക്ക് ആ ദിവസം ഏറ്റവും ഭയാനകമായിരിക്കും.

**'സൽസലത്ത്'**

ഭൂകമ്പത്തിന് അറബിയിൽ 'സിൽസാൽ' എന്നാണ് പറയുക. എന്നാൽ ഇവിടെ അന്ത്യദിനത്തെ വിശേഷിപ്പിച്ചത് 'സൽസലതുസ്സാഅ' (അന്ത്യസമയത്തെ പ്രകമ്പനം) എന്നാണ്. ഇത് ഒരു പ്രദേശത്ത് മാത്രം ഉണ്ടാകുന്ന ഭൂകമ്പമല്ല. ഭൂമി അതിന്റെ സർവ ഭാരങ്ങളും പുറന്തള്ളുകയും, പർവതങ്ങൾ പഞ്ഞിപോലെ പറക്കുകയും, സമുദ്രങ്ങൾ തിളച്ചുമറിയുകയും ചെയ്യുന്ന, പ്രപഞ്ചത്തിന്റെയാകെ തകർച്ചയാണത്. ഭൗതിക നിയമങ്ങളെല്ലാം (Laws of Physics)അന്ന് ഇല്ലാതെയാകുന്നു.

ആ ദിവസത്തിന്റെ ഭീകരത വിവരിക്കാൻ മനുഷ്യഭാഷയ്ക്ക് പരിമിതിയുണ്ട്. അതുകൊണ്ട് അല്ലാഹു അതിനെ 'ശൈഉൻ അദ്വീം' (വളരെ ഗൗരവമേറിയ/ഭയങ്കരമായ കാര്യം) എന്നാണ് വിശേഷിപ്പിച്ചത്. സ്രഷ്ടാവായ അല്ലാഹു ഒരു കാര്യത്തെ 'വലുത്' എന്ന് പറയുമ്പോൾ അതിൻറെ വ്യാപ്തി നമ്മുടെ ചിന്തകൾക്കും അപ്പുറമായിരിക്കും.

മുസ്‌ലിമെന്നോ അമുസ്‌ലിമെന്നോ വ്യത്യാസമില്ലാതെ, എല്ലാ മനുഷ്യരും ആ ദിവസത്തെ അഭിമുഖീകരിക്കേണ്ടിവരും. ആരെയും ഒഴിവാക്കാത്ത വിധിയാണത്.

ഇവിടെയും അല്ലാഹു 'ഹേ മനുഷ്യരേ' എന്നാണ് വിളിച്ചിരിക്കുന്നത്. മരണത്തോടെ എല്ലാം അവസാനിക്കുന്നില്ല, മറിച്ച് അനന്തമായ മറ്റൊരു ജീവിതത്തിന്റെ തുടക്കമാണിതെന്ന് ഈ വചനം സർവരെയും ഓർമിപ്പിക്കുന്നു.

ഒരു സൈറൺ കേൾക്കുമ്പോൾ നാം ജാഗരൂകരാകുന്നത് പോലെ, ഈ വചനം കേൾക്കുമ്പോൾ വിശ്വാസിയുടെ ഹൃദയം നടുങ്ങേണ്ടതുണ്ട്. നാളെ വരാനിരിക്കുന്ന ആ വലിയ ദിവസത്തെ നേരിടാൻ ഇന്നു തന്നെ തയ്യാറെടുക്കുക. ജീവിതം ക്ഷണികമാണ്, എന്നാൽ പരലോകം അനശ്വരമാണ്. ആ നടുക്കത്തിൽ നിന്ന് നിർഭയരായിരിക്കാൻ സ്രഷ്ടാവിലുള്ള വിശ്വാസം മുറുകെ പിടിക്കുക.

നാം ഇവിടെ ജീവിക്കുന്നത് എന്തിനുവേണ്ടിയാണ്? ഈ ലോകത്തിന്റെ നൈമിഷികമായ ആസ്വാദനങ്ങൾക്ക് വേണ്ടിയാണോ? പരലോകത്ത് രക്ഷ ലഭിക്കാൻ വേണ്ടിയാണോ? ഏതിനാണ് നാം മുൻഗണന കൊടുക്കുന്നത്? ജീവിതം ഹ്രസ്വമാണ്. ദൈവഭയത്തോടെ ജീവിക്കുക. നാളെ വരാനിരിക്കുന്ന ആ പ്രകമ്പനത്തിനു മുമ്പ് വിശ്വാസവും പ്രവർത്തനങ്ങളും നന്നാക്കുക. ■

# സൂറത്തുന്നംല്

ഉറുമ്പ്

(മക്കയിൽ അവതരിച്ചത്)

അധ്യായം 27

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

وَأَلْقِ عَصَاكَ ۚ فَلَمَّا رَآهَا تَهْتَزُّ كَأَنَّهَا جَانٌّ وَلَّىٰ مُدْبِرًا وَلَمْ يُعَقِّبْ ۚ يَا مُوسَىٰ لَا تَخَفْ إِنِّي لَا يَخَافُ لَدَيَّ الْمُرْسَلُونَ

10 നീ നിന്റെ വടി താഴെയിടൂ. അങ്ങനെ അത് ഒരു സർപ്പമെന്നോണം ചലിക്കുന്നത് കണ്ടപ്പോൾ അദ്ദേഹം പിന്തിരിഞ്ഞോടി. അദ്ദേഹം തിരിഞ്ഞ് നോക്കിയില്ല. അല്ലാഹു പറഞ്ഞു: 'ഹേ; മൂസാ! നീ ഭയപ്പെടരുത്. ദൂതന്മാർ എന്റെ അടുക്കൽ പേടിക്കേണ്ടതില്ല; തീർച്ച.'

*10) (നീ നിന്റെ വടി താഴെയിടൂ) അങ്ങനെ അത് അദ്ദേഹം താഴെ എറിഞ്ഞു. (അങ്ങനെ അത് ഒരു സർപ്പമെന്നോണം ചലിക്കുന്നത് കണ്ടപ്പോൾ) വേഗത്തിൽ നീങ്ങുന്ന ഒരു ആൺ പാമ്പിനെയാണ് ഈ പദം സൂചിപ്പിക്കുന്നത്. (അദ്ദേഹം പിന്തിരിഞ്ഞോടി. അദ്ദേഹം തിരിഞ്ഞ് നോക്കിയില്ല) അദ്ദേഹം തന്റെ പാമ്പിനെ ഭയന്ന് തിരിഞ്ഞുനോക്കാതെ ഓടി. അത് മനുഷ്യപ്രകൃതിയാണ്. അപ്പോൾ അല്ലാഹു അദ്ദേഹത്തോട് പറഞ്ഞു: (മൂസാ നീ ഭയപ്പെടരുത്). മറ്റൊരു വചനത്തിലുള്ളത്:*

أَقْبِلْ وَلَا تَخَفْ ۖ إِنَّكَ مِنَ الْآمِنِينَ

*"...മൂസാ, നീ മുന്നോട്ടു വരിക. പേടിക്കേണ്ടതില്ല. തീർച്ചയായും നീ സുരക്ഷിതരുടെ കൂട്ടത്തിലാകുന്നു"(28:31).*

*(ദൂതന്മാർ എന്റെ അടുക്കൽ പേടിക്കേണ്ടതില്ല) കാരണം ഭയത്തിന് കാരണമായതെല്ലാം അവന്റെ താത്പര്യത്തിനും കൽപനക്കും വിധേയമാണ്. അവയെല്ലാം അവന്റെ നിയന്ത്രണത്തിലും കൽപനയിലുമാണ്. അല്ലാഹു തന്റെ സന്ദേശത്തിനുവേണ്ടി തെരഞ്ഞെടുത്തവർ അല്ലാഹുവിനെയല്ലാതെ ആരെയും ഭയപ്പെടരുത്. പ്രത്യേകിച്ച് അവർ അവനോട് ഏറെ അടുപ്പമുള്ളവരും അവനോട് സംസാരിക്കാൻ തെരഞ്ഞെടുക്കപ്പെട്ടവരുമാണ്.*

إِلَّا مَن ظَلَمَ ثُمَّ بَدَّلَ حُسْنًا بَعْدَ سُوءٍ فَإِنِّي غَفُورٌ رَّحِيمٌ

11 പക്ഷേ, വല്ലവനും അക്രമം പ്രവർത്തിക്കുകയും, പിന്നീട് തിന്മയ്ക്ക് ശേഷം നൻമയെ പകരം കൊണ്ടുവരികയും ചെയ്താൽ തീർച്ചയായും ഞാൻ ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

*(പക്ഷേ, വല്ലവനും അക്രമം പ്രവർത്തിക്കുകയും ശേഷം നന്മ കൊണ്ടുവരികയും ചെയ്താൽ) അതായത് ഏതൊരു തെറ്റ് ചെയ്തവനും താൻ ചെയ്ത തെറ്റും കുറ്റവും നിമിത്തം ഭയത്തിലും ദുർബലതയിലും*

*അകപ്പെട്ടേക്കാം. പ്രവാചകന്മാരെ സംബന്ധിച്ചിടത്തോളം അവർ ക്ക് എന്തിന് ദുർബലതയും ഭയവും? എന്നാൽ, ഒരാൾ അല്ലാഹുവിനോട് അനുസരണക്കേട് കാണിച്ച് സ്വന്തത്തോട് അക്രമം പ്രവർത്തിക്കുകയും പിന്നീട് ഖേദിക്കുകയും പശ്ചാത്തപിക്കുകയും അവന്റെ തിന്മകൾക്ക് പകരം നന്മകളും അനുസരണക്കേടിന് പകരം അനുസരണവും സ്ഥാപിക്കുകയും ചെയ്താൽ. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു. അവന്റെ കാരുണ്യത്തിൽനിന്നും പാപമോചനത്തിൽനിന്നും യാതൊരു ആളും നിരാശപ്പെടുകയില്ല. അവൻ ആ പാപങ്ങളും പൊറുക്കും. അവന് തന്റെ ദാസന്മാരോട് ഒരു മാതാവിന് തന്റെ സന്താനത്തോട് ഉള്ളതിനെക്കാൾ വാത്സല്യമാണ്.*

12

وَأَدْخِلْ يَدَكَ فِي جَيْبِكَ تَخْرُجْ بَيْضَاءَ مِنْ غَيْرِ سُوءٍ ۖ فِي تِسْعِ آيَاتٍ إِلَىٰ فِرْعَوْنَ وَقَوْمِهِ ۚ إِنَّهُمْ كَانُوا قَوْمًا فَاسِقِينَ

നീ നിന്റെ കൈ കുപ്പായമാറിലേക്ക് പ്രവേശിപ്പിക്കുക. യാതൊരു കളങ്കവും കൂടാതെ വെളുപ്പുനിറമുള്ളതായിക്കൊണ്ട് അത് പുറത്തുവരും. ഫിർഔന്റെയും അവന്റെ ജനതയുടെയും അടുത്തേക്കുള്ള ഒമ്പത് ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ ഇവ. തീർച്ചയായും അവർ ധിക്കാരികളായ ഒരു ജനതയായിരിക്കുന്നു.

*12) (നീ നിന്റെ കൈ കുപ്പായത്തിന്റെ മാറിലൂടെ പ്രവേശിപ്പിക്കുക. യാതൊരു കളങ്കവും കൂടാതെ വെളുപ്പ് നിറമുള്ളതായിക്കൊണ്ട് അത് പുറത്തുവരും) അത് കുഷ്ഠവും രോഗവുമല്ലാതെ; കാണുന്നവന് വെളുത്തതായി തിളങ്ങും. അതിന്റെ തിളങ്ങുന്ന വെളുപ്പ് കാഴ്ചക്കാരെ അമ്പരപ്പിക്കും. (ഫിർഔനിന്റെയും അവന്റെ ജനതയുടെയും അടുത്തേക്കുള്ള ഒമ്പത് ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ ഇവ) അതായത് ഈ രണ്ടു ദൃഷ്ടാന്തങ്ങൾ -വടി ചലിക്കുന്ന പാമ്പായി മാറുന്നതും കുപ്പായത്തിൽ നിന്ന് കൈ പുറത്തെടുക്കുമ്പോൾ വെളുത്തതായി തിളങ്ങുന്നതും- ഒമ്പത് അടയാളങ്ങളിൽ പെടുന്നു. ഇവയുമായി ചെന്നാണ് ഫിർഔനിനെയും ജനതയെയും പ്രബോധനം ചെയ്തത്. (തീർച്ചയായും അവർ ധിക്കാരികളായ ഒരു ജനതയായിരിക്കുന്നു) അവർ അല്ലാഹുവിൽ പങ്കുചേർത്തു കാലം കഴിച്ചു. അവന്റെ അടിമകളെ നിന്ദിച്ചും ഭൂമിയിൽ അഹങ്കാരത്തോടെ പെരുമാറിയും തിന്മ ചെയ്തവരാണവർ.*

13

فَلَمَّا جَاءَتْهُمْ آيَاتُنَا مُبْصِرَةً قَالُوا هَٰذَا سِحْرٌ مُّبِينٌ

അങ്ങനെ കണ്ണുതുറപ്പിക്കത്തക്ക നിലയിൽ നമ്മുടെ ദൃഷ്ടാന്തങ്ങൾ അവർക്ക് വന്നെത്തിയപ്പോൾ അവർ പറഞ്ഞു: ഇതു സ്പഷ്ടമായ ജാലവിദ്യ തന്നെയാകുന്നു.

*13) അങ്ങനെ മൂസ ഫിർഔനിന്റെയും അവന്റെ ജനതയുടെയും അടുക്കലേക്ക് ചെന്നു. അദ്ദേഹം അവരെ അല്ലാഹുവിലേക്ക് വിളിക്കുകയും ദൃഷ്ടാന്തങ്ങൾ കാണിച്ചുകൊടുക്കുകയും ചെയ്തു. (അങ്ങനെ കണ്ണുതുറപ്പിക്കുന്ന നിലയിൽ നമ്മുടെ ദൃഷ്ടാന്തങ്ങൾ അവർക്ക് വന്നെത്തിയപ്പോൾ) സത്യത്തിലേക്ക് വെളിച്ചം വീശുന്നതും പകൽവെളിച്ചം പോലെ വ്യക്തമായി കാണാവുന്നതുമായ ദൃഷ്ടാന്തങ്ങൾ അവർക്ക് വന്നെത്തിയപ്പോൾ. (അവർ പറഞ്ഞു: ഇത് സ്പഷ്ടമായ ജാലവിദ്യ തന്നെയാകുന്നു). ഇത് ജാലവിദ്യയാണെന്ന് പറയുന്നതിൽ നിർത്തിയില്ല, മറിച്ച് അവർ പറഞ്ഞത്; ഇത് എല്ലാവർക്കും വ്യക്തമായതും വിചിത്രമായതും കണ്ണ് തുറപ്പിക്കുന്നതും തെളിവുള്ള പ്രകാശം പോലെയുള്ളതുമായ വ്യക്തമായ മാരണമാണ് എന്നാണ്. ഇത് ഏറ്റവും വലിയ അഹങ്കാരമാണ്.*



# ഇസ്‌ലാമും ക്രൈസ്തവതയും


## മുസ്ത്വഫ ലുത്വുഫി അൽമൻഫലൂത്വി

പരിഭാഷ:

## ഇ.യൂസുഫ് സാഹിബ് നദ്‌വി, ഓച്ചിറ


*ബ്രിട്ടീഷ് നയതന്ത്രജ്ഞനായിരുന്ന ലോർഡ് ക്രോമർ (1841-1917) തന്റെ 'മോഡേൺ ഈജിപ്ത്' എന്ന പുസ്തകത്തിലൂടെ ഇസ്‌ലാമിനെ അതീവ പക്ഷപാതപരമായാണ് വിലയിരുത്തിയത്. ഇസ്‌ലാം മാറ്റങ്ങളെ ഉൾക്കൊള്ളാത്ത, തികച്ചും നിശ്ചലമായ ഒരു മതമാണെന്നും ആധുനിക നാഗരികതയുമായി ചേർന്നുപോകാൻ അതിന് ഒരിക്കലും സാധിക്കില്ലെന്നുമായിരുന്നു അദ്ദേഹത്തിന്റെ പ്രധാന വാദം. പരിഷ്കരിക്കപ്പെട്ട ഇസ്‌ലാം എന്നത് ഇസ്‌ലാം അല്ലാതായി മാറുമെന്നും ശാസ്ത്രീയ പുരോഗതിക്കും സാമൂഹിക വളർച്ചയ്ക്കും ഇസ്‌ലാമിക നിയമങ്ങൾ തടസ്സമാണെന്നും അദ്ദേഹം ആരോപിച്ചു. മുസ്‌ലിം സ്ത്രീകൾ അനുഭവിക്കുന്ന പിന്നാക്കാവസ്ഥയ്ക്കും സമൂഹത്തിലെ അന്ധവിശ്വാസങ്ങൾക്കും കാരണം ഇസ്‌ലാമാണെന്ന് വരുത്തിത്തീർക്കാനാണ് അദ്ദേഹം ശ്രമിച്ചത്. അടിസ്ഥാനപരമായി ക്രൈസ്തവത പുരോഗമനപരവും ഇസ്‌ലാം ഭരണപരമായും സാമൂഹികമായും പരാജയവുമാണെന്ന ഒരു കൊളോണിയൽ മനോഭാവമാണ് ക്രോമർ തന്റെ എഴുത്തുകളിലുടനീളം പുലർത്തിയിരുന്നത്. ഈ ആരോപണങ്ങൾക്കുള്ള യുക്തിഭദ്രമായ മറുപടിയാണ് മൻഫലൂത്വി തന്റെ ലേഖനത്തിൽ അവതരിപ്പിക്കുന്നത്*

*-വിവർത്തകൻ.*

ഇസ്‌ലാമിനെക്കുറിച്ച് ലോർഡ് ക്രോമർ എഴുതിയ കാര്യങ്ങൾ കണ്ട് ഇത്രയധികം അത്ഭുതപ്പെടുന്ന ആളുകളെ കാണുന്നതിലപ്പുറം മറ്റൊരു അത്ഭുതവും എന്റെ ജീവിതത്തിലുണ്ടായിട്ടില്ല. ഇസ്‌ലാമിതര മതവിശ്വാസിയായ, തന്റെ ആത്മാവിനെക്കാളും സമ്പ

**പാശ്ചാത്യരായ ചില ക്രിസ്ത്യൻ പണ്ഡിതർ ഇസ്‌ലാമിനെ മനോഹരമായി വർണിക്കുന്നതോ അതിന്റെ നിയമങ്ങളെ പുകഴ്ത്തുന്നതോ നാം കാണാറുണ്ട്. അവർ ചരിത്രത്തോട് നീതിയും സത്യസന്ധതയും പുലർത്തിയ ചരിത്രകാരന്മാരായതുകൊണ്ടാണ് അങ്ങനെ ചെയ്യുന്നത്. മതപരമായ അന്ധമായ പക്ഷപാതിത്വം അവരുടെ എഴുത്തുകളെ സ്വാധീനിച്ചിട്ടില്ല. ക്രിസ്തീയ ആവേശം അവരുടെ തൂലികകളെ വഴിതെറ്റിച്ചിട്ടുമില്ല. എന്നാൽ ലോർഡ് ക്രോമർ അക്കൂട്ടത്തിൽ പെട്ടവനല്ല എന്നതിൽ സംശയമില്ല.**

ത്തിനെക്കാളും തന്റെ മതത്തെ മുറുകെപ്പിടിക്കുന്ന ഒരാൾ, ഇസ്‌ലാമിലെ ഏകദൈവ വിശ്വാസത്തെ അംഗീകരിക്കുമെന്നോ മുഹമ്മദ് നബിയുടെ പ്രവാചകത്വത്തെ സത്യപ്പെടുത്തുമെന്നോ നിസ്കാരം നിലനിർത്തുകയും സകാത്ത് നൽകുകയും സാധ്യമെങ്കിൽ ഹജ്ജ് കർമം നിർവഹിക്കുകയും ചെയ്യുമെന്നോ ഇവർ പ്രതീക്ഷിച്ചിരുന്നോ?

യേശുക്രിസ്തുവിന്റെ മാർഗത്തിൽ ഉറച്ചുനിൽക്കുന്ന ഏതൊരു ക്രിസ്ത്യാനിയെയും പോലെ ലോർഡ് ക്രോമറും വിശ്വസിക്കുന്നത്, ഇസ്‌ലാം എന്നത് ഒരു മനുഷ്യനിർമിത മതമാണെന്നാണ്. ജീവിതത്തിൽ ഒരു പത്രം പോലും വായിച്ചിട്ടില്ലാത്ത, ഒരു വിദ്യാലയത്തിലും പോയിട്ടില്ലാത്ത, ഗ്രീക്ക് തത്ത്വചിന്തകൾ കേട്ടിട്ടില്ലാത്ത, റോമൻ നാഗരികത കണ്ടിട്ടില്ലാത്ത, നിയമസംഹിതകളോ സാമൂഹിക ശാസ്ത്രമോ അഭ്യസിച്ചിട്ടില്ലാത്ത ഒരു അക്ഷരജ്ഞാനമില്ലാത്ത അറേബ്യൻ മരുഭൂവാസി ചമച്ചുണ്ടാക്കിയ ഒന്നാണ് ഈ മതം എന്നാണ് അദ്ദേഹത്തിന്റെ വിശ്വാസം.

ഇതാണ് അദ്ദേഹത്തിന്റെ വിശ്വാസത്തിന്റെ ആഴമെങ്കിൽ, താൻ നിർമിച്ചെടുത്ത നിയമങ്ങളിലും വിധികൾക്കുമപ്പുറം ഇസ്‌ലാമിനെ ചർച്ച ചെയ്യാനോ സംവദിക്കാനോ തിരുത്താനോ താൻ അശക്തനാണെന്ന് അദ്ദേഹം എങ്ങനെ കരുതും? അല്ലാഹുവിങ്കൽ നിന്നുള്ള വഹ്‌യ് (ദിവ്യബോധനം) ലഭിക്കുന്ന, മുന്നിലൂടെയോ പിന്നിലൂടെയോ യാതൊരുവിധ അസത്യവും കടന്നുകൂടാത്ത വിശുദ്ധ ഗ്രന്ഥം ലഭിച്ച പ്രവാചകനായി ഒരു മുസ്‌ലിം ഇസ്‌ലാമിനെ കാണുന്ന അതേ കണ്ണിലൂടെ വീക്ഷിക്കാൻ അദ്ദേഹത്തിന് എങ്ങനെ സാധിക്കും?

പാശ്ചാത്യരായ ചില ക്രിസ്ത്യൻ പണ്ഡിതർ ഇസ്‌ലാമിനെ മനോഹരമായി വർണിക്കുന്നതോ അതിന്റെ നിയമങ്ങളെ പുകഴ്ത്തുന്നതോ നാം കാണാറുണ്ട്. അവർ ചരിത്രത്തോട് നീതിയും സത്യസന്ധതയും പുലർത്തിയ ചരിത്രകാരന്മാരായതുകൊണ്ടാണ് അങ്ങനെ ചെയ്യുന്നത്. മതപരമായ അന്ധമായ പക്ഷപാതിത്വം അവരുടെ എഴുത്തുകളെ സ്വാധീനിച്ചിട്ടില്ല. ക്രിസ്തീയ ആവേശം അവരുടെ തൂലികകളെ വഴിതെറ്റിച്ചിട്ടുമില്ല. എന്നാൽ ലോർഡ് ക്രോമർ അക്കൂട്ടത്തിൽ പെട്ടവനല്ല എന്നതിൽ സംശയമില്ല. അദ്ദേഹത്തിന്റെ 'മോഡേൺ ഈജിപ്ത്' (Modern Egypt)എന്ന പുസ്തകം വായിക്കുന്നവർക്ക് തോന്നും, തന്റെ തൊപ്പിയും വസ്ത്രവും ധരിച്ച്, അരപ്പട്ടയിൽ കുരിശും തൂക്കി മഠത്തിനുള്ളിലിരുന്ന് സംസാരിക്കുന്ന ഒരു പുരോഹിതന്റെ ശബ്ദമാണ് തങ്ങൾ കേൾക്കുന്നതെന്ന്.

അങ്ങനെയൊരാൾ, ഇസ്‌ലാമിനെയും അതിന്റെ വിശ്വാസങ്ങളെയും നിയമങ്ങളെയും ഇവാഞ്ചലിക്കൽ മിഷണറിമാരുടെ പുസ്തകങ്ങളിലും മാസികകളിലും കാണാറുള്ളതുപോലെ ആക്ഷേപിക്കുന്നത് കണ്ട് ഏതെങ്കിലും മുസ്‌ലിം അത്ഭുതപ്പെടുന്നതിൽ അർഥമുണ്ടോ?

ഖുർആൻ ഏറ്റവും ശുദ്ധമായ അറബി ഭാഷയിലാണെന്നും അത് സംസാരിച്ചത് അറബികളിലെ ഏറ്റവും വലിയ വാഗ്മിയാണെന്നും സമ്മതിക്കുമ്പോൾ തന്നെ, ഖുർആനിൽ വ്യാകരണപ്പിശകുണ്ടെന്ന് വിധിക്കാൻ മാത്രം ഈ മിഷണറിമാരുടെ മതഭ്രാന്ത് വളർന്നിരിക്കുന്നു. വാസ്തവത്തിൽ വ്യാകരണവും പിശകും എന്നത് കേവലമായ ഒരു യുക്തിചിന്തയല്ല. മറിച്ച്, അറബികൾ എങ്ങനെ സംസാരിച്ചു എന്നതാണ് അതിന്റെ മാനദണ്ഡം. അവർ കർതൃപദത്തിന് (Subject)'നസ്ബും' (Accusative) കർമപദത്തിന് ((Object)'റഫ്ഉം' (Nominative) ആണ് നിശ്ചയിച്ചിരുന്നതെങ്കിൽ അതിന്റെ വിപരീതം പിശകായേനെ. എന്നാൽ അറിവില്ലാത്ത ഈ മിഷണറിമാർ ഇത്തരം അടിസ്ഥാന കാര്യങ്ങൾ ഗ്രഹിക്കുന്നില്ല.

അറബി ഭാഷാ പണ്ഡിതർ ഖുർആനിലെ പ്രയോഗങ്ങളും

ശൈലികളും അപഗ്രഥിച്ചാണ് വ്യാകരണ നിയമങ്ങൾ തന്നെ ക്രോഡീകരിച്ചത്. അവിടെ ക്വുർആനാണ് വ്യാകരണത്തിന് പ്രമാണം, അല്ലാതെ വ്യാകരണമല്ല ക്വുർആന് പ്രമാണം. ക്വുർആനിലെ ഏതെങ്കിലും പ്രയോഗം വ്യാകരണ നിയമങ്ങൾക്ക് വിരുദ്ധമായി കണ്ടാൽ, ആ നിയമങ്ങൾ ക്രോഡീകരിച്ചവർക്ക് അറബി ഭാഷാ പ്രയോഗങ്ങൾ പൂർണമായി മനസ്സിലാക്കുന്നതിൽ വീഴ്ചപറ്റി എന്നേ അർഥമുള്ളൂ. എന്നാൽ പണ്ഡിതന്മാർ അങ്ങനെയൊന്നും വിട്ടുകളഞ്ഞിട്ടില്ല, അപൂർവമായ പ്രയോഗങ്ങൾ പോലും അവർ രേഖപ്പെടുത്തിയിട്ടുണ്ട്. ചുരുക്കത്തിൽ, ക്വുർആനിൽ പിശകുകളില്ല, പണ്ഡിതന്മാർക്ക് വീഴ്ച പറ്റിയിട്ടുമില്ല, മറിച്ച് മിഷണറിമാർ വിവരമില്ലാത്തവരാണ് എന്നു മാത്രം. ഇത്രയും പരിഹാസ്യമായ വിടുവായത്തങ്ങൾ പറയാൻ മതഭ്രാന്ത് അവരെ പ്രേരിപ്പിക്കുന്നുണ്ടെങ്കിൽ, അവരെപ്പോലെ ചമഞ്ഞുനടക്കുന്ന ഈ മനുഷ്യൻ ഇസ്‌ലാമിക നിയമങ്ങളെ അധിക്ഷേപിക്കുന്നതിൽ ഒട്ടും അത്ഭുതപ്പെടാനില്ല.

ലോർഡ് ക്രോമറോടും അദ്ദേഹത്തെപ്പോലെ ഇസ്‌ലാമിനെ ആക്ഷേപിക്കുന്നവരോടും അവരുടെ വിശ്വാസത്തിന്റെ കാര്യത്തിൽ ഞങ്ങൾ തർക്കത്തിനില്ല. എന്നാൽ ഞങ്ങളുടെ വിശ്വാസത്തിന്റെ കാര്യത്തിൽ അവർ ഞങ്ങളോട് തർക്കിക്കരുതെന്നും അവർക്ക് അവർ നൽകുന്ന അത്രയും സ്വാതന്ത്ര്യം ഞങ്ങൾക്കും നൽകണമെന്നും മാത്രമെ ഞങ്ങൾ ആഗ്രഹിക്കുന്നുള്ളൂ.

ലോർഡ് ക്രോമർ പറയുന്നു: ‘ഇസ്‌ലാം മതം നിശ്ചലമാണ്,

**അറബി ഭാഷാ പണ്ഡിതർ ക്വുർആനിലെ പ്രയോഗങ്ങളും ശൈലികളും അപഗ്രഥിച്ചാണ് വ്യാകരണ നിയമങ്ങൾ തന്നെ ക്രോഡീകരിച്ചത്. അവിടെ ക്വുർആനാണ് വ്യാകരണത്തിന് പ്രമാണം, അല്ലാതെ വ്യാകരണമല്ല ക്വുർആന് പ്രമാണം. ക്വുർആനിലെ ഏതെങ്കിലും പ്രയോഗം വ്യാകരണ നിയമങ്ങൾക്ക് വിരുദ്ധമായി കണ്ടാൽ, ആ നിയമങ്ങൾ ക്രോഡീകരിച്ചവർക്ക് അറബി ഭാഷാ പ്രയോഗങ്ങൾ പൂർണമായി മനസ്സിലാക്കുന്നതിൽ വീഴ്ചപറ്റി എന്നേ അർഥമുള്ളൂ.**

അതിന് മാനുഷിക നാഗരികതയെ ഉൾക്കൊള്ളാൻ കഴിയില്ല, അത് സാമൂഹിക വ്യവസ്ഥിതിക്ക് അനുയോജ്യമല്ല.’ അദ്ദേഹം വീണ്ടും പറയുന്നു: ‘ഇസ്‌ലാമിന് യോജിച്ചതെല്ലാം ക്രിസ്തീയതയ്ക്കും യോജിക്കും.’ മുസ്‌ലിംകളെ നോക്കി ഇസ്‌ലാമിനെയും ക്രിസ്ത്യാനികളെ നോക്കി ക്രിസ്തീയതയെയും വിലയിരുത്താനാണ് അദ്ദേഹം ശ്രമിക്കുന്നത്.

ഹേ, ചരിത്ര തത്ത്വചിന്തകാ! ക്രിസ്തുമതം എപ്പോഴാണ് ശാസ്ത്രത്തിന്റെയും അറിവിന്റെയും നാഗരികതയുടെയും ഉറവിടമായി മാറിയത്? ഓർത്തഡോക്സുകാരും കത്തോലിക്കരും തമ്മിലും, കത്തോലിക്കരും പ്രൊട്ടസ്റ്റന്റുകാരും തമ്മിലും മനുഷ്യത്വം നടുങ്ങുന്ന രീതിയിൽ രക്തരൂക്ഷിതമായ യുദ്ധങ്ങൾ നടന്ന കാലത്തോ? അതോ, അറിവില്ലാത്ത ഒരു പുരോഹിതന്റെ ഇച്ഛയ്ക്കനുസരിച്ച് ഒരു ക്രിസ്ത്യാനിയുടെ ചിന്തകൾ അടിമപ്പെട്ട കാലത്തോ? അന്ന് പുരോഹിതൻ പഠിപ്പിക്കുന്നത് മാത്രമായിരുന്നു അറിവ്. താൻ വിശ്വാസിയാണോ അവിശ്വാസിയാണോ, മനുഷ്യനാണോ മൃഗമാണോ എന്ന് സ്വയം തീരുമാനിക്കാൻ പോലും അന്ന് വിശ്വാസിക്ക് അനുവാദമില്ലായിരുന്നു. പുരോഹിതൻ ഒരാളോട് ‘നീ ഒരു നായയാണ്’ എന്ന് പറഞ്ഞാൽ, തനിക്ക് വാലും നീളമുള്ള മൂക്കുമുണ്ടെന്നും താൻ നാലുകാലിലാണ് നടക്കുന്നതെന്നും അയാൾക്ക് തോന്നുന്നത്ര കഷ്ടമായിരുന്നു അക്കാലത്തെ അവസ്ഥ.

അതോ, ഒരു ധനികൻ സ്വർഗരാജ്യത്തിൽ പ്രവേശിക്കുന്നതിനെക്കാൾ എളുപ്പം ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുന്നതാണെന്ന് ക്രിസ്ത്യാനികൾ വിശ്വസിച്ചിരുന്ന കാലത്തോ? അതോ, ബൈബിളല്ലാതെ മറ്റൊരു പുസ്ത



കവും വായിക്കരുതെന്നും ചർച്ച് സ്കൂളുകളല്ലാതെ മറ്റൊരു വിദ്യാലയത്തിലും പഠിക്കരുതെന്നും മാർപ്പാപ്പ വിലക്കിയ കാലത്തോ? വാലുള്ള ഒരു നക്ഷത്രം (ധൂമകേതു) പ്രത്യക്ഷപ്പെട്ടപ്പോൾ ചകിതരായ ക്രിസ്ത്യാനികൾ മാർപ്പാപ്പയോട് പരാതിപ്പെടുകയും അദ്ദേഹം അതിനെ ആകാശത്തുനിന്ന് ആട്ടിയോടിച്ചുവെന്ന് വിശ്വസിക്കുകയും ചെയ്ത കാലത്തോ?

അതോ, ഹാറൂൺ അൽറഷീദ് ചക്രവർത്തി ഷാർലമെയ്ൻ രാജാവിന് ഒരു ക്ലോക്ക് സമ്മാനമായി നൽകിയപ്പോൾ, അതിന്റെ ശബ്ദം കേട്ട് അതിനുള്ളിൽ ജിന്നും പിശാചുമാണെന്ന് കരുതി ക്രിസ്തീയ ജനത പേടിച്ചോടിയ കാലത്തോ? അതോ, ശാസ്ത്ര ഗവേഷണങ്ങളിൽ ഏർപ്പെടുന്നവരെ വിചാരണ ചെയ്യാൻ 'ഇൻകിസിഷൻ' കോടതികൾ സ്ഥാപിക്കുകയും ചുരുങ്ങിയ കാലയളവിനുള്ളിൽ മൂന്ന് ലക്ഷത്തി നാൽപതിനായിരത്തോളം പേരെ ജീവനോടെ ചുട്ടുകൊല്ലുകയും കുരിശിലേറ്റുകയും ചെയ്ത കാലത്തോ? ഗണിതവും തത്വചിന്തയും അഭ്യസിച്ചു എന്ന കാരണത്താൽ ഒരു സുന്ദരിയായ യുവതിയുടെ മാംസം അസ്ഥിയിൽനിന്ന് വേർപെടുത്തി ക്രിസ്തീയ ജനത അവളെ ചുട്ടുകൊന്ന കാലത്തോ?

ഹേ, ചരിത്ര തത്വചിന്തകാ! ക്രൈസ്തവ കാലഘട്ടങ്ങളിലെ അറിവിനെയും സംസ്കാരത്തെയും നാഗരികതയെയും കുറിച്ചുള്ള ചരിത്രത്തിൽനിന്ന് ഞങ്ങൾക്ക് അറിയാവുന്നത് ഇത്രയുമാണ്. ഇങ്ങനെയൊക്കെയായിരുന്ന, ഇത്രമാത്രം ഇടുങ്ങിയ ചിന്താഗതി വെച്ചുപുലർത്തിയിരുന്ന ആ ക്രൈസ്തവത താങ്കളുടെ കാഴ്ചപ്പാടിൽ ശരിയാണോ തെറ്റാണോ എന്ന് ഞങ്ങൾക്ക് അറിയില്ല.

താങ്കൾ ഇസ്‌ലാമിനെക്കുറിച്ച് ശരിയായ അറിവില്ലാതെ, മുസ്‌ലിംകളെ നോക്കി ഇസ്‌ലാമിനെ വിലയിരുത്തിയതുപോലെ, ക്രൈസ്തവതയുടെ യാഥാർഥ്യം ഞങ്ങൾക്ക് അന്യമാണെങ്കിലും ക്രിസ്ത്യാനികളെ നോക്കി ഞങ്ങൾ ആ മതത്തെ വിലയിരുത്തുകയാണ്. എന്നാൽ ഞങ്ങളുടെ വിലയിരുത്തൽ ശരിയും താങ്കളുടെത് തെറ്റുമാണ്. കാരണം, യൂറോപ്പിൽ ആധുനിക നാഗരികത പ്രവേശിച്ചത് അവിടെനിന്ന് ക്രൈസ്തവതയെ നീക്കം ചെയ്തതിന് ശേഷമാണ്. ഒരു ഗ്ലാസ്സിലെ വായുവിനെ പുറന്തള്ളിയാലല്ലാതെ അതിൽ വെള്ളത്തിന് പ്രവേശിക്കാൻ കഴിയില്ലല്ലോ. ഇവ രണ്ടും ഒരേസമയം ഒരിടത്ത് സമ്മേളിക്കുകയില്ല.

*(തുടരും)*

**തിരുത്ത്**

1. നേർപഥം വാരിക, വാല്യം 10, ലക്കം 02ൽ വന്ന 'യഥാർഥ പ്രശ്നക്കാരൻ ആര്' എന്ന ലേഖനത്തിൽ, 'കോപത്തിന്റെ തുടക്കം ഭ്രാന്തും ഒടുക്കം ദുഃഖവുമായിരിക്കും' എന്ന വാചകം പ്രവാചക വചനം എന്ന നിലയിൽ ഉദ്ധരിച്ചിരുന്നു. ഇത് പ്രവാചകനിൽ നിന്നും സ്ഥിരപ്പെട്ടു വന്നിട്ടില്ല. അലി(റ)വിന്റെ വാചകമായി പറയപ്പെടാറുണ്ട്. എന്നാൽ അതും സ്വഹീഹായ റിപ്പോർട്ടുകളിൽ വന്നിട്ടില്ല. അറബികൾക്കിടയിൽ പറയപ്പെടുന്ന ഒരു ആപ്തവാക്യമാണ് ഇത് എന്നതാണ് കൂടുതലായി അറിയാൻ സാധിച്ചത്. എഴുത്തിനിടയിൽ അബദ്ധം സംഭവിച്ചതിന് വായനക്കാരോട് ക്ഷമ ചോദിക്കുന്നു. അല്ലാഹുവിനോട് പൊറുക്കലിനെ തേടുന്നു.

2. ഇതേ ലേഖനത്തിൽ അവസാന ഭാഗത്ത്, സൗദി അറേബ്യയിലെ, പ്രഭാഷണ രംഗത്ത് തന്റെതായ മികവ് പുലർത്തിയ ഡോ. മുഹമ്മദ് അബ്ദുറഹ്മാൻ അൽഅരീഫിയുടെ 'ഇസ്തംതിഅ് ബിഹയാത്തിക്' എന്ന പുസ്തകത്തിലെ ചെറിയ ഒരു ഭാഗം എടുത്തു നൽകിയിട്ടുണ്ട്. സലഫി മൻഹജിൽനിന്നും വ്യതിയാനം സംഭവിക്കുകയും സലഫി ഉലമാക്കളുടെ വിമർശനത്തിന് വിധേയമാവുകയും ചെയ്ത വ്യക്തിയും, സൗദി ഭരണകൂടത്തിനെതിരിൽ തീവ്ര ചിന്താഗതിയോടുകൂടി സംസാരിച്ചതിന്റെ പേരിൽ ജയിലിൽ അടക്കപ്പെടുകയും ചെയ്ത വ്യക്തിയാണ് അദ്ദേഹം. മേൽ പറയപ്പെട്ട ഗ്രന്ഥത്തിൽ സ്വഭാവ രംഗത്ത് മനുഷ്യരിലുള്ള ദൂഷ്യങ്ങളെ ചൂണ്ടിക്കാണിച്ച് അതിനൊരു സൈക്കോളജി തലത്തിൽ നിന്നുള്ള ഉപദേശങ്ങളിലൂടെ മനുഷ്യമനസ്സുകളിൽ പോസിറ്റീവ് ചിന്താഗതി കൊണ്ടുവരുന്ന രചനയായതുകൊണ്ട് മാത്രമാണ് ഈയുള്ളവൻ അത് ഇതിനുമുമ്പും ചില ലേഖനങ്ങളിൽ ഇദ്ദേഹത്തിന്റെ വാക്കുകൾ ഉൾപ്പെടുത്തിയത്. അദ്ദേഹത്തിന്റെ ആദർശമോ ചിന്താഗതിയോ പിന്തുടരാനോ അതിനെ അംഗീകരിക്കാനോ അഹ് ലുസ്സുന്നത്തി വൽജമാഅത്തിന്റെ വക്താവായ ഒരാൾക്ക് പാടില്ലതന്നെ.

***- ദുൽക്കർഷാൻ അലനല്ലൂർ***




# സ്രഷ്ടാവിനെ സ്നേഹിക്കുക

നസീമ വാടാനപ്പള്ളി

അല്ലാഹുവിന്റെ അത്യുത്തമനാമങ്ങളിലൊന്നായ 'അൽവഹ്ഹാബ്' (അത്യുദാരൻ) എന്നതായിരുന്നു ഡിഗ്രി ഒന്നാം വർഷ ക്ലാസ്സിൽ അന്ന് പഠിപ്പിക്കാനുണ്ടായിരുന്നത്. തന്റെ പടപ്പുകളിൽ സദാ ഔദാര്യങ്ങൾ ചൊരിഞ്ഞുകൊണ്ടേയിരിക്കുന്നവനാണ് അല്ലാഹു. പരിശീലനമെന്നോണം പഠിപ്പിച്ച വിഷയവുമായി ബന്ധപ്പെട്ട് ഒരു കുറിപ്പ് പഠിതാക്കളെക്കൊണ്ട് എഴുതിക്കുക എന്നത് ഒരു ശീലമായതിനാൽ പതിവുപോലെ അവർക്ക് ഒരു വർക്ക് കൊടുത്തു. 'ഞാൻ ഏറ്റവും കൂടുതൽ സ്നേഹിക്കുന്നത്' എന്ന വിഷയത്തിൽ ഒരു കുറിപ്പെഴുതുക.

അഞ്ചുമിനുട്ട് സമയമാണ് നൽകിയത്. കുട്ടികൾ വേഗം എഴുതിത്തുടങ്ങി. കഴിഞ്ഞവർ ഓരോരുത്തരായി ഏൽപിച്ച കുറിപ്പുകൾ വായിക്കുവാൻ തുടങ്ങി. പ്രതീക്ഷിച്ച പോലെത്തന്നെ റബ്ബിനെയാണിഷ്ടം എന്ന പോയിന്റിൽ ഊന്നിയായിരുന്നു എല്ലാവരും എഴുതിയിരുന്നത്. എന്നാൽ അതിൽ, വ്യത്യസ്തമായ ഒരു കുറിപ്പ് കാണുകയുണ്ടായി. അത് ഇപ്രകാരമായിരുന്നു:

"ടീച്ചർ, എനിക്ക് എന്റെ റബ്ബിനെത്തന്നെയാണ് കൂടുതൽ ഇഷ്ടം. പക്ഷേ, അതിൽ എത്രത്തോളം ആത്മാർഥയുണ്ടെന്ന സംശയം ആ ഉത്തരം പറയാൻ അനുവദിക്കുന്നില്ല. കാരണം സ്നേഹം സാക്ഷാൽകരിക്കപ്പെടുന്നത് അസരണയിലൂടെയാണല്ലോ. ഞാൻ എന്റെ റബ്ബിനെ അനുസരിക്കുന്നതിൽ ഒരുപാട് വീഴ്ചകൾ ഉള്ളവളാണ്. അറിഞ്ഞും അറിയാതെയും അലസമായും ചെയ്ത അനുസരണക്കേടുകൾ! ഇനി, മാതാപിതാക്കളെയാണെന്ന് പറയാമെന്നു വെച്ചാൽ അനുസരണക്കേട് അവരോടുമുണ്ട്. സത്യത്തിൽ ഞാനാരെയാണ് ഇഷ്ടപ്പെടുന്നത്? എന്റെ ദേഹേഛകളെയോ? ടീച്ചർ, എനിക്ക് എന്റെ റബ്ബിനെ സ്നേഹിക്കണം, എല്ലാറ്റിനും മീതെയായി. അതിന് എന്നെ സഹായിക്കുമല്ലോ."

വായിച്ചു തീർന്നതും ഞാൻ എന്നോടുതന്നെ ചോദിച്ചു: 'സത്യത്തിൽ സ്നേഹത്തിന്റെയും അനുസരണയുടെയും കാര്യത്തിൽ മുൻകടക്കുന്നത് റബ്ബോ അതോ ദേഹേച്ഛകളോ? ചിന്തിക്കേണ്ട വിഷയമാണിത്. വാക്കുകളിൽ സ്നേഹം തുളുമ്പും, എന്നാൽ അനുസരണയിലും പ്രവർത്തനങ്ങളിലും നാം എവിടെയാണ്?

ഒന്നുമല്ലായിരുന്നല്ലോ നാം. പരിശുദ്ധ ഖുർആനിലൂടെ റബ്ബ് ചോദിക്കുന്നുണ്ട്: "മനുഷ്യൻ പ്രസ്താവ്യമായ ഒരു വസ്തുവേ ആയിരുന്നില്ലാത്ത ഒരു കാലഘട്ടം അവന്റെ മേൽ കഴിഞ്ഞുപോയിട്ടു ണ്ടോ?" (76:1).

ഒന്നുമല്ലായ്മയിൽ നിന്നും എന്നെ ഞാനാക്കിയവനാണ് എന്റെ റബ്ബ് എന്ന തിരിച്ചറിവിൽ നിന്നും അവനോടുള്ള സ്നേഹം തുടങ്ങണം. നമുക്കുള്ളതെല്ലാം അവന്റെതാണ്. അല്ലെങ്കിൽത്തന്നെ എന്റെതെന്ന് പറയാൻ നമുക്കെന്താണുള്ളത്? നമുക്കെന്തൊക്കെയുണ്ടോ അതെല്ലാം നൽകിയവനെയല്ലാതെ വേറെ

ആരെയാണ് ഏറ്റവും കൂടുതൽ സ്നേഹിക്കേണ്ടതും ഭയപ്പെടേണ്ടതും? വേറെ ആരോടാണ് നമുക്ക് കൂടുതൽ കടപ്പാടുകൾ വേണ്ടത്?

നമ്മുടെ ഹൃദയത്തിൽ അവൻ ഉണ്ടാകണം. വാക്കിലും പ്രവൃത്തികളിലും അവനോടുള്ള ഇഷ്ടവും അനുസരണയും മുന്നിട്ടു നിൽക്കണം. അതിനു നമ്മെ സഹായിക്കുന്ന ചിലതുണ്ട്:

1) സ്രഷ്ടാവിനെ മനസ്സിലാക്കണം. അവന്റെ നാമങ്ങഗുണങ്ങളെക്കുറിച്ച് പ്രമാണബദ്ധമായ പഠനം നടക്കണം.

“ആകയാൽ അല്ലാഹുവല്ലാതെ ആരാധനക്കർഹനില്ലെന്ന് നീ അറിയുക” (47:19).

അല്ലാഹുവിന്റെ നാമങ്ങളിലുള്ള അറിവും അവയുടെ അർഥത്തിലും ആശയത്തിലുമുള്ള പണ്ഡിത്യവും തേട്ടങ്ങളനുസരിച്ചുള്ള കർമവും മനുഷ്യരിൽ അല്ലാഹുവിനോടുള്ള ആദരവും സ്നേഹവും ബഹുമാനവും വളർത്തും. അവന്റെ കാരുണ്യത്തിൽ പ്രതീക്ഷയേറ്റുകയും അവന്റെ ശിക്ഷയിൽ പേടി ജനിപ്പിക്കുകയും ചെയ്യും. അവന്റെ അനുഗ്രഹങ്ങളിൽ അവനോട് നന്ദിയുള്ള ജീവിതത്തിന് സഹായിക്കും. അവനെക്കുറിച്ചുള്ള അറിവ് അവനോടുള്ള അടിമത്തം സാക്ഷാത്കരിക്കുന്നതിലേക്ക് നയിക്കുകയും മനസാ വാചാ കർമണാ ജീവിതം അവനോടുള്ള അനുസരണയിലേക്ക് വഴിമാറുകയും ചെയ്യുന്നതാണ്.

വസ്തുത ഇതൊക്കെയാണെങ്കിലും അല്ലാഹുവിനെ അനുസരിക്കുന്നതിലും അവനു മാത്രം വഴിപ്പെടുന്നതിലും ഇന്ന് മുസ്ലിംകളിൽ അധികപേരും വീഴ്ച കാണിക്കുന്നത് അവനെക്കുറിച്ചുള്ള അറിവില്ലായ്മ കൊണ്ടു തന്നെയാണ്. ക്വുർആനിൽ ഒന്നിലധികം സ്ഥലങ്ങളിൽ ഈ യാഥാർഥ്യം അല്ലാഹു എടുത്തു പറയുന്നുണ്ട്.

“അല്ലാഹുവെ കണക്കാക്കേണ്ട മുറപ്രകാരം അവർ കണക്കാക്കിയിട്ടില്ല. തീർച്ചയായും അല്ലാഹു ശക്തനും പ്രതാപിയും തന്നെയാകുന്നു” (22:74).

ഇബ്നുൽ ക്വയ്യിം(റഹി) പറഞ്ഞു: “ആരെങ്കിലും അല്ലാഹുവിനെ അവന്റെ നാമങ്ങളിലൂടെയും വിശേഷണങ്ങളിലൂടെയും അറിഞ്ഞാൽ അവൻ അല്ലാഹുവിനെ സ്നേഹിച്ചിരിക്കും, അതിൽ സംശയമില്ല.”

2) അർഥവും ആശയവും ഗ്രഹിച്ചുകൊണ്ടും ചിന്തിച്ചുകൊണ്ടും ക്വുർആൻ പാരായണം ചെയ്യുക.

“നിനക്ക് നാം അവതരിപ്പിച്ചുതന്ന അനുഗൃഹീത ഗ്രന്ഥമത്രെ ഇത്. ഇതിലെ ദൃഷ്ടാന്തങ്ങളെപ്പറ്റി അവർ ചിന്തിച്ചു നോക്കുന്നതിനും ബുദ്ധിമാൻമാർ ഉൽബുദ്ധരാകേണ്ടതിനും വേണ്ടി” (38:29).

“അവർ ക്വുർആനിനെപ്പറ്റി ചിന്തിക്കുന്നില്ലേ? അത് അല്ലാഹു അല്ലാത്തവരുടെ പക്കൽ നിന്നുള്ളതായിരുന്നെങ്കിൽ അവരതിൽ ധാരാളം വൈരുധ്യം കണ്ടെത്തുമായിരുന്നു” (4:83).

3) നിർബന്ധ കാര്യങ്ങൾക്ക് പുറമെ ഐച്ഛിക കാര്യങ്ങൾ നിർവഹിക്കുക:

അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം; നബി(സ്വ) പറഞ്ഞു: “നിശ്ചയം, അല്ലാഹു ഇപ്രകാരം പറഞ്ഞിരിക്കുന്നു: ‘എന്റെ വലിയ്യിനോട് (സാമീപ്യം നേടിയ വ്യക്തിയോട്) ആരെങ്കിലും ശത്രുത കാണിച്ചാൽ അവനോട് ഞാനിതാ യുദ്ധം പ്രഖ്യാപിച്ചിരിക്കുന്നു. ഞാൻ നിർബന്ധമാക്കിയ കർമങ്ങളെക്കാൾ എനിക്ക് പ്രിയങ്കരമായ മറ്റൊരു കാര്യം മുഖേനയും എന്റെ ദാസന് എന്റെ സാമീപ്യം നേടാൻ കഴിഞ്ഞിട്ടില്ല. ഞാൻ അവനെ ഇഷ്ടപ്പെടുന്നതുവരെ നിർബന്ധമല്ലാത്ത ഐച്ഛികമായ കാര്യങ്ങൾ അനുഷ്ഠിച്ചുകൊണ്ട് എന്റെ ദാസൻ എന്റെ സാമീപ്യം തേടിക്കൊണ്ടിരിക്കും. ഞാൻ അവനെ ഇഷ്ടപ്പെട്ടു കഴിഞ്ഞാൽ അവന്ന് കേൾക്കാനുള്ള കാതും കാണാനുള്ള കണ്ണും പിടിക്കാനുള്ള കയ്യും നടക്കാനുള്ള കാലും ഞാനായിരിക്കും. എന്നോട് അവൻ ചോദിച്ചാൽ അവന് ഞാൻ നൽകുക തന്നെ ചെയ്യും. എന്നോട് അവൻ അഭയം തേടിയാൽ ഞാൻ അവന് അഭയം നൽകുക തന്നെ ചെയ്യും” (ബുഖാരി).

4) സുന്നത്തിനെ പിൻപറ്റുക:

“പറയുക: നിങ്ങൾ അല്ലാഹുവെയും റസൂലിനെയും അനുസരിക്കുവിൻ. ഇനി അവർ പിന്തിരിഞ്ഞുകളയുന്ന പക്ഷം അല്ലാഹു സത്യനിഷേധികളെ സ്നേഹിക്കുന്നതല്ല; തീർച്ച” (3:32).

“(നബിയേ,) പറയുക: നിങ്ങൾ അല്ലാഹുവെ സ്നേഹിക്കുന്നുണ്ടെങ്കിൽ എന്നെ നിങ്ങൾ പിന്തുടരുക. എങ്കിൽ അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ പാപങ്ങൾ പൊറുത്തുതരികയും ചെയ്യുന്നതാണ്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമത്രെ” (3:31).

5) ഹൃദയം കൊണ്ടും പ്രവൃത്തി കൊണ്ടും സദാ റബ്ബിനെ ഓർക്കുക:

ദിക്റുകൾ അല്ലാഹുവുമായുള്ള നമ്മുടെ അടുപ്പം വർധിപ്പിക്കുകയും ബന്ധം ശക്തിപ്പെടുത്തുകയും ചെയ്യുന്നു. അല്ലാഹു പറയുന്നു:

“ആകയാൽ എന്നെ നിങ്ങൾ ഓർക്കുക. നിങ്ങളെ ഞാനും ഓർക്കുന്നതാണ്. എന്നോട് നിങ്ങൾ നന്ദികാണിക്കുക. നിങ്ങളെന്നോട് നന്ദികേട് കാണിക്കരുത്” (2:152).

അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം; നബി(സ്വ) പറഞ്ഞു: “അല്ലാഹു പറയുന്നു: എന്റെ ദാസൻ എന്നെ വിചാരിക്കും പോലയാണ് ഞാൻ. അവൻ എന്നെ ഓർക്കുമ്പോൾ ഞാൻ അവന്റെ കൂടെയുണ്ടായിരിക്കും. അവൻ സ്വയം (മനസ്സിൽ) എന്നെ ഓർത്താൽ ഞാൻ അവനെയും സ്വയം ഓർക്കും. ഒരു സംഘത്തിൽവെച്ച് അവൻ എന്നെ ഓർത്താൽ (എന്നെക്കുറിച്ച് പ്രസ്താവിച്ചാൽ) അവരെക്കാൾ ഉത്തമമായ ഒരു സംഘത്തിൽവെച്ച് ഞാൻ അവനെയും ഓർക്കും (പ്രസ്താവിക്കും)” (ബുഖാരി).

ഇബ്നുൽ ക്വയ്യിം(റഹി) പറഞ്ഞു: “ആരെങ്കിലും അല്ലാഹുവിന്റെ ഇഷ്ടം കരസ്ഥമാക്കാൻ ഉദ്ദേശിച്ചാൽ അവൻ അല്ലാഹുവിനെക്കുറിച്ചുള്ള സ്മരണയെ ശീലമാക്കിക്കൊള്ളട്ടെ” (അൽവാബിലുസ്സ്വയ്യിബ്).

റബീഅ് ബിൻ അനസ്(റഹി) പറഞ്ഞു: “അല്ലാഹുവിന്റെ സ്മരണ അധികരിപ്പിക്കൽ അവനോടുള്ള ഇഷ്ടത്തിന്റെ അടയാളമാണ്. കാരണം, തീർച്ചയായും നീ ഒരു വസ്തുവിനേയും ഇഷ്ടപെടുന്നില്ല, അതിന്റെ ഓർമ നീ അധികരിപ്പിച്ചിട്ടല്ലാതെ” (മദാരിജുസ്സാലികീൻ).

6) നിഷ്കളങ്കമായി ആരാധകളിൽ ഏർപ്പെടുക:

“ജിന്നുകളെയും മനുഷ്യരെയും എന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല” (ക്വുർആൻ 51:56).

ആരാധനാ കർമങ്ങൾ അതിന്റെ എല്ലാ മര്യാദകളും നിയമങ്ങളും പാലിച്ച് ചെയ്യുന്നത് അവനോടുള്ള അനുസരണയുടെ പ്രകടഭാവമാണ്. അത്തരക്കാരെ സംബന്ധിച്ചിടത്തോളം ഹൃദയം കടുത്തതായിരിക്കുകയില്ല. മറിച്ച് ലോലവും അല്ലാഹുവിനെ കുറിച്ചോർക്കുമ്പോൾ വിറ കൊള്ളുന്നവയുമായിരിക്കും.

7) ദേഹേച്ഛകളെ അവഗണിക്കുക, അല്ലാഹുവിന്റെ താൽപര്യങ്ങൽക്ക് മുൻഗണന കൊടുക്കുക:

അനസി(റ)ൽനിന്ന് നിവേദനം: “നബി(സ്വ) പറഞ്ഞു: മൂന്ന് കാര്യങ്ങൾ ആരിലെങ്കിലുമുണ്ടായാൽ അയാൾ ഈമാനിന്റെ മാധുര്യം അനുഭവിക്കുന്നതാണ്. മറ്റുള്ളതിനെക്കാൾ സ്നേഹം അല്ലാഹുവിനോടും അവന്റെ ദൂതനോടുമായിരിക്കുക, ആരെയെങ്കിലും സ്നേഹിക്കുകയാണെങ്കിൽ അത് അല്ലാഹുവിന് വേണ്ടിയായിരിക്കുക, കുഫ്റിൽ (അവിശ്വാസത്തിൽ) നിന്ന് അല്ലാഹു രക്ഷപ്പെടുത്തിയ ശേഷം അതിലേക്ക്തിരിച്ചുപോകുന്നത് തീയിൽ എറിയപ്പെടുന്നതിനെക്കാൾ അസഹ്യമായി തോന്നുക” (ബുഖാരി).

എല്ലാറ്റിനുമുപരി റബ്ബിനെ സ്നേഹിക്കാൻ കഴിയുക അവനെ അനുസരിക്കുന്നതിനായി ദേഹേച്ഛ കളെ ത്യജിക്കുമ്പോൾ മാത്രമാണ്.

അല്ലാഹു പറയുന്നു: “(നബിയേ,) പറയുക: നിങ്ങളുടെ പിതാക്കളും, നിങ്ങളുടെ പുത്രൻമാരും, നിങ്ങളുടെ സഹോദരങ്ങളും, നിങ്ങളുടെ ഇണകളും, നിങ്ങളുടെ ബന്ധുക്കളും, നിങ്ങൾ സമ്പാദിച്ചുണ്ടാക്കിയ സ്വത്തുക്കളും, മാന്ദ്യം നേരിടുമെന്ന് നിങ്ങൾ ഭയപ്പെടുന്ന കച്ചവടവും, നിങ്ങൾ തൃപ്തിപ്പെടുന്ന പാർപ്പിടങ്ങളും നിങ്ങൾക്ക് അല്ലാഹുവെക്കാളും അവന്റെ ദൂതനെക്കാളും അവന്റെ മാർഗത്തിലുള്ള സമരത്തെക്കാളും പ്രിയപ്പെട്ടതായിരുന്നാൽ അല്ലാഹു അവന്റെ കൽപന കൊണ്ടുവരുന്നത് വരെ നിങ്ങൾ കാത്തിരിക്കുക. അല്ലാഹു ധിക്കാരികളായ ജനങ്ങളെ നേർവഴിയിലാക്കുന്നതല്ല” (9:24).

മനുഷ്യന്റെ മനസ്സിൽ ദേഹേച്ഛകളോട് താൽപര്യവും ചായ്വുമുണ്ടാകുക സ്വാഭാവികമാണ്. താടി വളർത്തൽ, പുരുഷൻമാർ നെരിയാണിക്ക് താഴെയിറങ്ങുന്ന വസ്ത്രം ധരിക്കാതിരിക്കൽ, സ്ത്രീകൾ ഇസ്ലാമിക വസ്ത്രധാരണം സ്വീകരിക്കൽ പോലുള്ളവ പാലിക്കുന്നതിൽ നിന്ന് മനുഷ്യനെ തടയുന്നത് ദേഹേച്ഛയാണ്; മതത്തെ സംബന്ധിച്ച് അഭിമാനബോധമില്ലായ്മയാണ്. സ്വന്തം താൽപര്യത്തേക്കാളുപരി അല്ലാഹുവിന്റെ താൽപര്യത്തിന് മുൻഗണന കൊടുക്കാനുള്ള വൈമനസ്യമാണ്.

അല്ലാഹു നിഷിദ്ധമാക്കിയ കാര്യങ്ങളോടും മനസ്സിൽ താൽപര്യം ഉണ്ടായേക്കാം. പിശാച് അതിനായി പ്രേരിപ്പിക്കും. മനസ്സ് തിന്മയ്ക്ക് പ്രേരിപ്പിക്കുമ്പോൾ അല്ലാഹുവിനോടുള്ള അനുസരണയിൽ അതിനെ അവഗണിക്കുകയും അല്ലാഹുവിന് ഇഷ്ടപ്പെടുന്ന കാര്യങ്ങളിൽ വ്യാപൃതരാവുകയും ചെയ്യേണ്ടതാണ്.

8) പ്രത്യക്ഷവും പരോക്ഷവുമായി അല്ലാഹു നൽകിയ എണ്ണമറ്റ അനുഗ്രഹങ്ങളെ കുറിച്ചുള്ള ചിന്ത അല്ലാഹുവിനെ കൂടുതൽ ഇഷ്ട

പ്പെടാനും അവനെ അനുസരിക്കാനും സഹായിക്കും.

അല്ലാഹു നൽകിയ ഗുണങ്ങളും നന്മകളും നാം കാണണം. അവന്റെ അനുഗ്രഹങ്ങളെ കുറിച്ച് ചിന്തിക്കണം. അത് അല്ലാഹുവിലേക്കുള്ള അടുപ്പത്തിന് സഹായകരമാണ്.

“നിങ്ങളിൽ അനുഗ്രഹമായി എന്തുണ്ടെങ്കിലും അത് അല്ലാഹുവിങ്കൽ നിന്നുള്ളതാകുന്നു...” (16:53).

“...അല്ലാഹുവിന്റെ അനുഗ്രഹം നിങ്ങൾ എണ്ണുകയാണെങ്കിൽ നിങ്ങൾക്കതിന്റെ കണക്കെടുക്കാനാവില്ല. തീർച്ചയായും മനുഷ്യൻ മഹാ അക്രമകാരിയും വളരെ നന്ദികെട്ടവനും തന്നെ” (14:34).

അല്ലാഹു മനുഷ്യർക്ക് നൽകിയ അനുഗ്രഹങ്ങൾ എണ്ണമറ്റതാണ്. അവ എണ്ണിത്തിട്ടപ്പെടുത്താനാവില്ല. പ്രത്യക്ഷമായും അല്ലാതെയും അവ നിരന്തരം മനുഷ്യർക്ക് ലഭിച്ചുകൊണ്ടിരിക്കുന്നു. അവയെക്കുറിച്ചെല്ലാം ഉറ്റാലോചിച്ചാൽ അല്ലാഹുവിനെ സ്നേഹിക്കാൻ കഴിയും. അവൻ ചെയ്തു തന്നിട്ടുള്ള അനുഗ്രഹങ്ങൾക്ക് നന്ദി കാണിക്കുകവഴി അല്ലാഹുവിന്റെ സ്നേഹം കരസ്ഥമാക്കാനും കഴിയും. അല്ലാഹു നൽകിയ ഏറ്റവും വലിയ അനുഗ്രഹം നേർമാർഗമാണ്.

ഉമർ(റ) പറഞ്ഞു: “നാം നിന്ദ്യരായ ജനതയായിരുന്നു. അല്ലാഹു ഇസ്‌ലാം മുഖേനെ നമുക്ക് ഐശ്വര്യമുണ്ടാക്കി. ഇസ്‌ലാമല്ലാത്ത എന്തിലെങ്കിലും ആരെങ്കിലും ഐശ്വര്യം(പ്രതാപം) തേടിപ്പോയാൾ അല്ലാഹു അവനെ നിന്ദ്യനാക്കുന്നതാണ്.”

9) അല്ലാഹുവിനെ ആത്മാർഥമായി സ്നേഹിക്കുന്നവരെ കൂട്ടുകാരാക്കുക:

നന്മ പകർന്ന് നൽകുകയും നല്ലത് മാത്രം ചിന്തിക്കുകയും ചിന്തിപ്പിക്കുകയും പാരത്രികബോധം നൽകുകയും ചെയ്യുന്നവരാണ് നല്ല കൂട്ടുകാർ. നല്ല കൂട്ടുകാരനെ കസ്തൂരി വിൽക്കുന്നവനുമായാണ് പ്രവാചകൻ(സ്വ) താരതമ്യം ചെയ്തത്. അവന്റെ കൂടെ കൂടിയാൽ സുഗന്ധമാണ് ലഭിക്കുക. എന്നാൽ ചീത്ത കൂട്ടുകാരനെ നബി(സ്വ) താരതമ്യം ചെയ്തത് ഉലയിലൂതുന്ന കൊല്ലനോടാണ്. അയാളുടെ അടുത്തിരുന്നാൽ പറന്നുയരുന്ന പുകയും വെണ്ണീറും സഹിക്കേണ്ടിവരും. ചിലപ്പോൾ തീപ്പൊരി വീണ് വസ്ത്രത്തിൽ ഓട്ടവീഴും. നല്ലതല്ലാത്ത ഗന്ധവും അനുഭവപ്പെടും. കസ്തൂരി വിൽപനക്കാരനിൽ നിന്ന് കാശ് കൊടുത്ത് വാങ്ങിയില്ലെങ്കിൽ പോലും സുഗന്ധം ആസ്വദിക്കാൻ കഴിയും.

നന്മ ചെയ്യൽ ശീലമാക്കുകയും സ്രഷ്ടാവിനെ ഓർക്കുകയും നന്മ കൽപിക്കുകയും തിന്മയിൽ നിന്ന് തടയുകയും ചെയ്യുന്ന ഒരു ആത്മാർഥ കൂട്ടുകാരുണ്ടെങ്കിൽ ഫിത്നയുടെ സാഹചര്യങ്ങളിൽ അല്ലാഹുവിനെ അനുസരിക്കുന്നതിലേക്ക് അവർ നമ്മെ പ്രേരിപ്പിക്കും. അങ്ങനെയുള്ളവരെ തെരഞ്ഞെടുക്കാനും സ്നേഹിക്കാനും നമുക്ക് സാധിക്കേണ്ടതുണ്ട്.

അബൂഹുറയ്‌റ(റ)യിൽനിന്ന് നിവേദനം; നബി(സ്വ) പറഞ്ഞു: “മനുഷ്യൻ അവന്റെ കൂട്ടുകാരന്റെ മതത്തിലായിരിക്കും. അതിനാൽ ആരുമായാണ് ചങ്ങാത്തം കൂടുന്നത് എന്ന് അവൻ ചിന്തിക്കട്ടെ” (തിർമിദി).

10) അല്ലാഹുവിനെ മറപ്പിക്കുന്ന എല്ലാറ്റിൽനിന്നും വിട്ടുനിൽക്കുക:

മനുഷ്യഹൃദയം മാറിക്കൊണ്ടേയിരിക്കും. ‘ഖൽബ്’ എന്നതിന് പെട്ടെന്ന് മാറിമറിയുന്നത് എന്നും അർഥമുണ്ട്.

അബ്ദുല്ലാഹിബ്നു ആസ്വി(റ)ൽനിന്ന് നിവേദനം; നബി(സ്വ) പറഞ്ഞു: “ആദമിന്റെ മക്കളുടെ ഹൃദയങ്ങൾ പരമകാരുണികന്റെ വിരലുകൾക്കിടയിലാണ്. ഒരൊറ്റ ഹൃദയം പോലെ. അവൻ ഉദ്ദേശിക്കുന്നത് പോലെ അവയെ അവൻ തിരിച്ചുകൊണ്ടിരിക്കും. എന്നിട്ട് അവിടുന്ന് പ്രാർഥിച്ചു: ‘അല്ലാഹുവേ, ഹൃദയങ്ങൾ നിയന്ത്രിക്കുന്നവനേ, നിന്നെ അനുസരിക്കുന്നതിലേക്ക് ഞങ്ങളുടെ ഹൃദയങ്ങളെ നീ തിരിക്കേണമേ” (മുസ്‌ലിം).

പാപങ്ങൾ അല്ലാഹുവിനും മനുഷ്യമനസ്സുകൾക്കുമിടയിലുള്ള മറകളാണ്. ദുൻയാവിനോടുള്ള അമിതമായ സ്നേഹവും അപ്രകാരമാണ്.

ഹൃദയങ്ങൾക്കും അല്ലാഹുവിനുമിടയിൽ മറയിടുന്ന എല്ലാറ്റിൽ നിന്നും വിട്ടു നിൽക്കുക. ദുൻയാവ് ദേഹേച്ഛകളാൽ പൊതിയപ്പെട്ടതാണ്. അതിന്റെ മോടിയിലും പ്രഭയിലും അലങ്കാരങ്ങളിലും കണ്ണഞ്ചിപ്പോകാതിരിക്കണമെങ്കിൽ നല്ല സൂക്ഷ്മതയും വിശ്വാസവും ആവശ്യമാണ്.

“നിങ്ങൾക്ക് ജീവൻ നൽകുന്ന കാര്യത്തിലേക്ക് നിങ്ങളെ വിളിക്കുമ്പോൾ സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിനും റസൂലിനും ഉത്തരം നൽകുക. മനുഷ്യനും അവന്റെ മനസ്സിനും ഇടയിൽ അല്ലാഹു മറയിടുന്നതാണ് എന്നും അവങ്കലേക്ക് നിങ്ങൾ ഒരുമിച്ചുകൂട്ടപ്പെടുമെന്നും നിങ്ങൾ അറിഞ്ഞുകൊള്ളുക” (8:24).




# ജീവന്റെ വിലയുള്ള വെള്ളം

ഇബ്‌നു അലി, എടത്തനാട്ടുകര

: 94461 51577

മഗ്‌രിബ് നമസ്‌കാരാനന്തരം കൂട്ടുകാർക്കൊപ്പം ചായയും കുടിച്ച് ഒന്ന് കൂടിയിരിക്കും. ഇശാഅ് നമസ്‌കാര നേരംവരെ അത് നീളും. മിക്കവാറും, കൂട്ടുകാരനുകൂടി ഷെയറുള്ളതും മറ്റൊരു കൂട്ടുകാരൻ സ്റ്റാഫുമായ പെട്രോൾ പമ്പിന്റെ ഓഫീസിലായിരിക്കും. നാട്ടുവിവരം പങ്കുവെച്ചും പത്രപാരായണം നടത്തിയും ഇടയ്ക്ക് ഓഫീസിൽ ചില്ലറ സഹായം ചെയ്തും കഴിച്ചുകൂട്ടും.

കൂടുതൽ അളവിൽ പെട്രോളും ഡീസലും അടിക്കുന്നവർക്ക് കുടിവെള്ളക്കുപ്പി കൊടുക്കുന്ന പതിവുണ്ട്. സ്റ്റോക്ക് തീരാറാകുമ്പോൾ അവർക്ക് മുടക്കം വരാതിരിക്കാൻ ഏതാനും കുപ്പികൾ ഓഫീസിലെ മേശയുടെ ചുവട്ടിലേക്ക് മാറ്റിവെക്കും.

പതിവ് കസ്റ്റമറായ ബസ് ജീവനക്കാരൻ ഒരുദിവസം വന്നപ്പോൾ വെള്ളക്കുപ്പിയില്ല. മേശക്കടിയും കാലി. ഓഫീസിൽനിന്ന് പുറത്തിറങ്ങിയ അദ്ദേഹം തിരിച്ചു വന്നിട്ട് പറഞ്ഞു: “ഇന്ന് കുപ്പിവെള്ളം കിട്ടിയില്ലെങ്കിലും കുഴപ്പമില്ല; മുമ്പ് കിട്ടിയത് ഒന്നുരണ്ടെണ്ണം ഞാൻ സൂക്ഷിച്ചുവെച്ചിട്ടുണ്ട്.” അത് പതിവാണെന്നും കൂട്ടിച്ചേർത്തു.

പിന്നെ ‘ജലസൂക്ഷിപ്പി’ന്റെ കാരണം പങ്കുവെച്ചു: അന്നൊരു നാൾ ഡ്യൂട്ടിക്കിടെ ബസ്സിലെ സീറ്റിൽ നിന്ന് ഒരു യാത്രക്കാരൻ ഒരു ഭാഗത്തേക്ക് ചരിഞ്ഞു. വീഴാതിരിക്കാൻ തൊട്ടപ്പുറത്തെ സീറ്റിലെ ആൾ സഹായിച്ച് നേരെയിരുത്തി. അയാളുടെ കൂടെ ഒരു ബാലനും ഉണ്ടായിരുന്നു. കുറച്ചു സമയം കഴിഞ്ഞു. വീണ്ടും ചരിഞ്ഞു വീഴാറായി. അടുത്ത സീറ്റിലുള്ളവർ പെട്ടെന്ന് ഇടപെട്ട് അദ്ദേഹത്തെ വീഴാതെ കാത്തു.

ഇതു കണ്ട നമ്മുടെ സ്റ്റാഫ് ഓടിച്ചെന്നു. കടുത്ത നെഞ്ചുവേദനയാൽ പുളയുകയായിരുന്നു അയാൾ. ബസ്സിന്റെ പ്ലാറ്റ്‌ഫോമിൽ നിവർത്തിക്കിടത്തി. അദ്ദേഹത്തിന് കൊടുക്കാൻ വെള്ളം തിരഞ്ഞു. ജീവനക്കാരുടെ പക്കൽ ഉണ്ടായിരുന്നില്ല. ബസ്സിലെ നാൽപതോളം യാത്രക്കാരിൽ ഒരാളുടെ കൈയിലും ഇത്തിരി വെള്ളമുണ്ടായിരുന്നില്ല. അവസാന ശ്വാസത്തിനു മുമ്പ് ഒരിറ്റു വെള്ളം കുടിക്കാൻ കിട്ടാതെ ബസ്സിൽ വെച്ച് ആ യാത്രക്കാരൻ മരണപ്പെട്ടു.

ലോഡിംഗ് തൊഴിലാളിയായ അയാൾ മകനെ അനാഥാലയത്തിലാക്കാനുള്ള യാത്രയിലായിരുന്നു. ഇത് പറഞ്ഞപ്പോൾ ബസ് ജീവനക്കാരന്റെ ശബ്ദം ഇടറിയിരുന്നു.

കേട്ട ഞങ്ങൾക്കും സങ്കടം വന്നു. 35 കൊല്ലമായി പല ജില്ലകളിൽ, പല ബസ്സുകളിൽ ജോലി ചെയ്ത ആ ജീവനക്കാരൻ കഴിഞ്ഞ 30 കൊല്ലമായി ഒരു കുപ്പിയിലെങ്കിലും ഇത്തിരി വെള്ളം കാത്തുവെക്കുന്ന പതിവ് തെറ്റിച്ചിട്ടില്ല.

കുടിവെള്ളം ചോദിക്കുന്നവർക്ക് കൊടുക്കുക. ഭക്ഷണത്തിന്റെ കാര്യത്തിലും അങ്ങനെ തന്നെ വേണം. വിശക്കുന്നവന് ഉപകാരപ്പെട്ടില്ലെങ്കിൽ പിന്നെ എന്താണ് ആ ഭക്ഷണത്തിന്റെ മൂല്യം? ചില നേരങ്ങളിൽ ഒരു തുള്ളി വെള്ളത്തിനു പോലും ഒരു ജീവന്റെ വിലയുണ്ടെന്നറിയുക. ശുദ്ധവായു കഴിഞ്ഞാൽ ജീവൻ നിലനിർത്താൻ ഏറ്റവും അത്യാവശ്യമായ ഘടകം വെള്ളമാണ്. ആവശ്യക്കാർക്ക് അത് നൽകുമ്പോൾ അതിലൂടെ നമ്മുടെ സ്വർഗവഴി എളുപ്പമാക്കുകയാണ് നാം ചെയ്യുന്നത്.

സഅ്ദുബ്‌നു ഉബാദ(റ) ചോദിച്ചു: “അല്ലാഹുവിന്റെ ദൂതരേ, എനിക്ക് ദാനധർമത്തെക്കുറിച്ച് പറഞ്ഞുതന്നാലും.” നബി(സ്വ) പറഞ്ഞു: “നീ കുടിവെള്ളം നൽകുക.”(അഹ്‌മദ്). ■



Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi

ഹൃദയം തുറക്കാം,
ക്വുർആൻ പഠിക്കാം..

WISDOM students

# 30 -ാമത് ക്വുർആൻ വിജ്ഞാന പരീക്ഷ

## മാർച്ച് 8 2026 ഞായർ

## 3 ലക്ഷം രൂപയുടെ സമ്മാനങ്ങൾ

### 5 കാറ്റഗറികൾ

**ജനറൽ :** പ്രായ ഭേദമന്യേ
**അൽ ബയാൻ :** ക്യാമ്പസ് വിദ്യാർത്ഥികൾക്ക്
**ടീൻസ് :** 12 മുതൽ 18 വയസ് വരെയുള്ള വിദ്യാർത്ഥികൾക്ക്
**കിഡ്സ് :** 12 വയസ് വരെയുള്ള വിദ്യാർത്ഥികൾക്ക്
**ഗ്ലോബൽ :** ഔട്ട് ഓഫ് കേരള പരീക്ഷാർത്ഥികൾക്ക്



For Registration
and more details

guide.wisdomislam.org/qvp

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2025-27

Nerpatham Weekly
Published on
31 January 2026

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2025-27
Price: ₹10/-

WISDOM
ISLAMIC ORGANIZATION

VISION 2030
جامعة الهند الإسلامية

جـــامعة الـــهند الإســـلامية
JAMIA AL-HIND AL-ISLAMIYYA

# ജാമിഅ അൽ ഹിന്ദ് അൽ ഇസ്‌ലാമിയ്യ

# CONVOCATION 3.0

2026 ഫെബ്രുവരി **6 7 8** വാദീ അൽ ഹിക്മ മിനിഊട്ടി, മലപ്പുറം



www.jamiaalhind.com | +91 9961 725 725 | info@jamiaalhind.com